|---|---|---|---|---|---|
| | **KILA Agali Centre** | | | | |
| t | Repair & maintenance | 2.33 | 4.56 | 5.02 | Provision for Repair & maintenance - Furniture, Electrical / Electronic / Plumbing Equipments etc |
| u | Daily Wage | 9.65 | 22.19 | 24.41 | Provision for Daily Wage |
| v | Security Service Charges | 11.71 | 4.19 | 4.60 | Provision for Security Service Charges |
| w | News Paper & Periodicals | 1.23 | 0.08 | 0.09 | Provision for purchasing News Paper & Periodicals |
| | | | | | |
| | **Depreciation** | **0.00** | **124.27** | **0.00** | |
| | **Sub Total (G)** | **1008.15** | **1103.60** | **1116.95** | |
| | | | | | |
| **8** | **Project Expenses/ Central Assistance Expenses(H)** | | | | |
| **8.1** | Other Scheme Expenses- Kottarakkara Centre | 160.00 | 217.62 | 176.00 | Programme expenditure of PMAY/BFT/Rurban Fund/NIRD & Other Projects-etc- Kottarakkara Centre |
| **8.2** | Department of Urban Affairs/Performance Audit | 10.00 | 18.15 | 15.00 | Programme expenditure |
| **8.3** | Project - RGSY | 229.28 | 0.00 | 229.28 | Provision for the utilisation of Balance fund |
| **8.4** | Project - RGSA | 5197.62 | 1223.07 | 3715.89 | Proposed Utilisation of RGSA fund |
| **8.5** | Town planning Training | 2.45 | 6.12 | 0.00 | Provision for the utilisation of Balance fund |
| **8.6** | Expenditure from Interest on SDC Corpus Fund | 3.86 | 0.17 | 3.00 | Proposed expenses for strengthening LSGI Association |
| **8.7** | Project - Jagratha samithi | 24.01 | 0.37 | 24.01 | Provision for the utilisation of Balance fund |
| **8.8** | Project - Asset Management | 34.00 | 0.00 | 34.00 | Provision for the utilisation of Balance fund |
| **8.9** | Project - Women Elected Representatives | 0.00 | 0.00 | 4.29 | |
| **8.10** | Project - Climate Change | 34.05 | 20.44 | 13.61 | Provision for the utilisation of Balance fund |

| Sl No. | Particulars | Budget Estimate 2018-19 | Audited Accounts 2018-19 | Budget Estimate 2019-20 | Remarks for budget estimate 2019-20 |
|---|---|---|---|---|---|
| 8.11 | Project - Mainstreaming Sustainable Development Goals | 51.48 | 49.45 | 2.03 | Provision for the utilisation of Balance fund |
| 8.12 | Project - TQM ISO | 200.00 | 54.27 | 145.73 | Provision for the utilisation of TQM ISO project fund |
| 8.13 | Project - NIUA | 2.35 | 0.00 | 0.24 | Provision for the utilisation of Balance fund |
| 8.14 | Project - NIRD Time and Motion study | 3.07 | 1.06 | 0.33 | Balance project fund on submission of UC & Audited statement |
| 8.15 | Project - UNDP - Indian High range Mountain Landscape Project | 51.28 | 3.74 | 47.54 | Expected to be utilised for the year 2019-20 |
| 8.16 | Project - FAO | 6.50 | 1.68 | 4.82 | Expected to be utilised for the year 2019-20 |
| 8.17 | Project - UNICEF - JPPI | 0.00 | 0.19 | 40.67 | Provision for the utilisation of project fund |
| 8.18 | Project - Gender Budgeting And Research, Publication and Monitoring | 0.00 | 1.86 | 19.83 | Provision for the utilisation of project fund |
| 8.19 | Project - Suchitwa Mission- Swachh Bharath Mission | 0.00 | 30.76 | 94.24 | Provision for the utilisation of project fund |
| 8.20 | Project -NIRD- Assessment Study of Mission Andhyodya | 0.00 | 5.73 | 0.00 | |
| 8.21 | Project - GIZ | 0.00 | 0.93 | 6.23 | Provision for the utilisation of project fund |
| 8.22 | Project - District Plan comparison - MoPR | 0.00 | 0.00 | 15.21 | Provision for the utilisation of project fund |
| 8.23 | Project - UNEP ecosystem based Disaster Risk Reduction(Eco-DRR) | 0.00 | 0.00 | 55.12 | Provision for the utilisation of project fund |
| | **Sub Total (H)** | **6009.95** | **1635.61** | **4647.07** | |
| | | | | | |
| **9** | **Sundry creditors(I)** | | **106.12** | | |

| Sl No. | Particulars | Budget Estimate 2018-19 | Audited Accounts 2018-19 | Budget Estimate 2019-20 | Remarks for budget estimate 2019-20 |
|---|---|---|---|---|---|
| **10** | **State Plan - (Non Capital Expenses) (J)** | | | | |
| **10.1** | **Capacity Building Programmes** | | | | |
| **a** | Capacity Building Programmes for Strengthening Decentralization and Local Governments in Kerala | 1763.86 | 1573.04 | 1500.00 | Provision for Capability development programme expenses for current year allocation based on the training calender |
| **b** | State Resource Group and Strengthening Help Desk System | 404.02 | 149.56 | 400.00 | Provision utilisation of current year allocation |
| **c** | Virtual Learning System | 20.00 | 0.00 | 20.00 | Expenditure for Distance Learning programme ,MOOC, Learning Hubat museum, videos and tools for virtual learning & training without trainer etc-current year budget provision |
| **d** | Area development Programme | 40.00 | 0.00 | 40.00 | Expenditure for programmes - Development initiatives in the state at the local level /convergence at area levels etc -current year budget provision |
| **e** | International & National Seminars and Workshops | 88.98 | 83.49 | 30.00 | Utilisation of current year budget provision |
| **10.2** | **Research , Studies & Evaluation** | 30.00 | 0.00 | 30.00 | Expenses for the research programmes in selected areas related to Local Governance & Decentralization-current year budget provision |
| **10.3** | **Documentation, Dissemination and Knowledge Management** | | | | |
| **a** | Museum of Best Projects | 0.00 | 2.61 | | |

| Sl No. | Particulars | Budget Estimate 2018-19 | Audited Accounts 2018-19 | Budget Estimate 2019-20 | Remarks for budget estimate 2019-20 |
|---|---|---|---|---|---|
| b | Documentation of good practices | 25.00 | 0.00 | 15.00 | Expenses for the documentation of innovative & replicable initiatives-current year budget provision |
| c | Seminars & workshops | 120.00 | 0.00 | 100.00 | Expenses for organizing workshops to receive fresh perspectives , develop new ideas etc in Local Governance & Decentralization-current year budget provision |
| d | Up gradation of KILA Journal of Local Governance | 6.00 | 0.00 | 5.00 | Expenses for the upgrading journal to an international level-current year budget |
| e | Platform on Local Governance/E Platform on Local Governance/District Platform | 15.00 | 0.00 | 15.00 | Expenses for establishing platforms at various level including e- platform on Local Governance - current year budget provision |
| 10.4 | **Institutional Strengthening** | | | | |
| a | Development of centers handed over to KILA | 125.00 | 0.00 | 80.00 | Expected Specialized center wise training, programmes and management expensese incurred for various centers handed over to KILA met from the approved annual plan |
| b | Up gradation of Library , e Library & Information system development | 20.00 | 0.00 | 20.00 | Provision for developing Library as Resource center on Local Governance including digital -current year budget |
| c | Faculty & Staff Improvement programme | 15.00 | 0.00 | 15.00 | Provision for Up gradation of the knowledge & skill of faculty & staff of KILA-current year budget |

| Sl No. | Particulars | Budget Estimate 2018-19 | Audited Accounts 2018-19 | Budget Estimate 2019-20 | Remarks for budget estimate 2019-20 |
|---|---|---|---|---|---|
| d | Initiating various thematic centers/chairs/hubs | 70.00 | 0.00 | 70.00 | Provision for establishing various Thematic Centers, Hubs, Chair etc in KILA - current year budget |
| e | Supplementary Demand grant | 43.55 | 0.00 | 43.55 | Previous year balance to be utilised during this year |
| f | Additional requirement for KILA CHRD | 0.00 | 0.00 | 50.00 | Provision for meeting additional expenses of KILA CHRD considering the decrease in Central Grant |
| g | Repair & Maintenance of Computer, Printer, UPS System & Complete Online KILA ( COKILA) software for office automation / Complete online KILA and Sub centers | 61.08 | 11.08 | 50.00 | cost for the maintenance of software & hardware up gradation, internet facility, lease line and for the implementation of COKILA software in all centers of KILA to become paperless office- Utilisation of previous year allocation |
| | **Sub Total (J)** | **2847.49** | **1819.78** | **2483.55** | |
| | | | | | |
| **11** | **Capital Expenses - Development of Infrastructure(K)** | | | | |
| **11.1** | **Proposed during 2019-20** | | | | |
| a | Repairs of Staff Quarters-Kottarakkara Centre | 0.00 | 0.00 | 30.00 | Provision for renovation of 3 Staff Quarters and Disposal of 4 old Quarter in KILA CHRD |
| b | Purchase of new computers & printers for KILA main campus & centers | 10.00 | 0.00 | 10.00 | Provision for purchase of new computers and accessories for KILA and Centers (with the specific recommendation of the technical committee constituted for the purpose- through IT Mission) |

| Sl No. | Particulars | Budget Estimate 2018-19 | Audited Accounts 2018-19 | Budget Estimate 2019-20 | Remarks for budget estimate 2019-20 |
|---|---|---|---|---|---|
| c | Construction of New Hostel | 0.00 | 0.00 | 125.00 | Provision for construction of new hostel building with 20,000 sq. ft. to accommodate 200 persons at a time |
| d | Construction of new administrative & training building | 0.00 | 0.00 | 135.00 | Provision for the initial cost for the new training & administration building with 15,000 sq. feet |
| e | Front gate, watchman gate, street light, drainage etc. through proposed acquiring land. | 50.00 | 0.00 | 50.00 | Provision for constructing Front gate , street light and drainage |
| f | Water Purification plant | 15.00 | 0.00 | 20.00 | Provision for the Construction the water purification plant--Budget provision 2019-20 |
| | **Alternate Energy Sources** | | | | |
| g | New & Renewable Energy Utilization in KILA Campus- | 116.20 | 0.00 | 20.00 | Provision for the installation of energy efficiency scheme |
| h | Up gradation of infrastructure & facilities at various centers of KILA | 0.00 | 0.00 | 100.00 | Provision for improving basic infrastructure facilities at KILA, KILA CHRD, TD & NRM Center Agali, ETC Thaliparampa, CSED Koattarakara, CGG Mannuthy |
| | **Sub Total K (a)(Year 2019-20 )** | **191.20** | **0.00** | **490.00** | |
| | | | | | |
| **11.2** | **Infrastructure Development activities carried on** | | | | |
| a | Repairs & Maintenance of Sahyadri Guest Houses | 50.00 | 0.00 | 8.78 | Provision for the renovation of rooms in Sahyadri Guest House - work completed by KEL & payment of final bill – Previous years balance will be utilised |

| Sl No. | Particulars | Budget Estimate 2018-19 | Audited Accounts 2018-19 | Budget Estimate 2019-20 | Remarks for budget estimate 2019-20 |
|---|---|---|---|---|---|
| b | Repairs & Maintenance of Aravally Guest Houses | 80.00 | 0.00 | 80.00 | Provision for the renovation of rooms in Aravally Guest House - work completed by KEL & payment of final bill – Previous years balance will be utilised |
| c | Modernisation of Classroom & Ramp etc. | 80.00 | 0.00 | 80.00 | Provision for the renovation of classrooms and ramp etc – Previous years balance will be utilised |
| d | Installation of Lift | 80.00 | 0.00 | 80.00 | Provision for the Installation of Lift Strucure room etc. by KEL & payment of final bill - Previous years balance will be utilised |
| e | Setting up of computer lab | 60.00 | 0.00 | 60.00 | Provision for the setting up of computer lab– Previous years balance will be utilised |
| f | Renovation of KILA-Tribal Development & Natural Resource Management Centre-Agali | 85.00 | 0.00 | 77.60 | Provision for various renovation works at KILA TD & NRM Center Agali – Previous years balance will be utilised |
| g | Repairs & maintenance of existing Staff Quarters | 130.00 | 92.13 | 7.87 | Balance Provision for the repair work of 24 quarters has been entrusted to TDLCS & expected to completed by August 2019-Previous years balance will be utilised |
| h | Repairs & Maintenance of existing Auditorium | 300.00 | 0.00 | 100.00 | Provision for the repairs and maintenance of existing auditorium Previous years balance will be utilized. |
| i | Renovation & Extension of existing Kitchen & up gradation of kitchen Equipment & Dining | 100.00 | 0.00 | 76.40 | Balance Provision for the renovation and extension of kitchen and Upgradation of Dining Hall & equipment. |

| Sl No. | Particulars | Budget Estimate 2018-19 | Audited Accounts 2018-19 | Budget Estimate 2019-20 | Remarks for budget estimate 2019-20 |
|---|---|---|---|---|---|
| | Hall | | | | Previous years balance will be utilized. |
| j | Truss Work over Admin block & SAS Building & Library Building | 83.00 | 0.00 | 58.25 | Balance provision for the truss work over Admin Block and SAS. The work has been entrusted to TDLCS & expected to completed by September 2019- Previous years balance will be utilized. |
| k | Office Automation at KILA- TD & NRM centre & KILA- Human resource Development Centre- Kottarakkara | 50.00 | 15.74 | 34.26 | Provision for the Purchase of computers , printer etc for Kottarakkara center- tender process initiated- Previous years balance will be utilized. |
| l | Renovations of Existing Computer lab | 7.00 | 1.51 | 0.00 | |
| m | Purchase of 250 KVA Generator | 30.00 | 22.42 | 7.58 | Provision for the Generator installed by KEL and final bill for payment Previous years balance will be utilized. |
| | **Water Supply & sanitation** | | | | |
| n | Construction of new water tanks | 90.00 | 18.00 | 72.00 | Provision for the construction of new water tank entrusted to TDLCS & expected to be completed by October'19- Previous years balance will be utilized. |
| o | Waste water treatment plant | 130.00 | 0.00 | 130.00 | Provision for the construction of waste water treatment plant and will be completed by December 2019 - Previous years balance will be utilized. |
| p | Master Plan preparation and Road widening in the newly acquired land | 100.00 | 0.00 | 0.00 | The Road widening can initiated after completion of Acquisition of land, which is under process |

| Sl No. | Particulars | Budget Estimate 2018-19 | Audited Accounts 2018-19 | Budget Estimate 2019-20 | Remarks for budget estimate 2019-20 |
|---|---|---|---|---|---|
| q | Developing KILA as State University: Phase1-Construction of Departments-to be utilised for Construction of Gate & new road to KILA | 100.00 | 0.00 | 0.00 | with District Collector Thrissur . |
| r | Solar Power system for Guest Houses-Initial phase | 22.50 | 0.00 | 0.00 | The Provision the amount have shown in the budget 2018-19 but not sanctioned. So no further provision is made in 2019-20 |
| s | Up gradation of infrastructure & facilities at various centers of KILA | 100.00 | 0.00 | 0.00 | |
| | **Sub total K(b)** | **1677.50** | **149.80** | **872.74** | |
| 12 | **Acquisition of Land-K ( c )** | **1971.12** | | **2252.40** | Proposed to be utilized for the acquisition of 9 acres of land. |
| 13 | **Advance for works - K (d)** | **0.00** | **96.26** | **0.00** | |
| 14 | **Sub Total (K) = K(a)+K(b) + K (c.)+ K (d)** | **3839.82** | **246.06** | **3615.14** | |
| 15 | **Excess of Income over Expenditure (L)** | **0.00** | **7.19** | **0.00** | |
| 16 | **Closing Balance(M)** | **2353.27** | **6077.97** | **3068.62** | |
| **GRAND TOTAL (G+H-I+J+K+L+M)** | | **16058.68** | **10784.09** | **14931.33** | |

2019-20 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് 5/7/2019 ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തു അംഗീകരിച്ചു. ബജറ്റ് പ്രോഫോർമയിൽ നിർദ്ദേശിച്ച മാറ്റം വരുത്തുകയും ആയത് ഗവേർണിംഗ് കൌൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കുവാനും തീരുമാനിച്ചു.

എക്സിക്യൂട്ടീവ് കമ്മറ്റി നിർദേശിച്ച പ്രകാരം ബജറ്റ് പ്രോഫോർമയിൽ മാറ്റം വരുത്തുകയും ആയത് ഗവേർണിംഗ് കൌൺസിലിന്റെ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു .

**തീരുമാനം**

2019-20 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു.

കിലയുള്ള ധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ധനകാര്യ വകുപ്പ് പ്രതിനിധിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

# ഐറ്റം നമ്പർ : 05

## കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നത്- സംബന്ധിച്ച്

സെന്റർ ഫോർ അർബൻ ഗവേണൻസ് ശക്തിപ്പെടുത്തുവാൻ അർബൻ ചെയർ കിലയിൽ രൂപീകരിക്കുന്നതിനായി 16/01/2018 ലെ ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു. പ്രസ്തുത തീരുമാനപ്രകാരം തദ്ദേശഭരണത്തിനനുസൃതമായ വൈദഗ്ധ്യവും വിദഗ്ധരായവരുടെ സേവനം ലഭ്യമാക്കുന്നതിനും, ഇതിന് വേണ്ട ധനസഹായം മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വിഹിതമായി ലഭ്യമാക്കുവാനുള്ള സാധ്യതക്കനുസൃതമായി രൂപരേഖ തയ്യാറാക്കുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി. അതിൻപ്രകാരം അർബൻ പ്ലാനിംഗ് വിദഗ്ധനായ ശ്രീ.ലളിത്കുമാർ ദഷോറയെ ചുമതലപ്പെടുത്തി.

മേൽ രൂപരേഖ പ്രകാരം 'Centre for Urban Innovation (CUI)' തുടങ്ങുന്നതിനും പ്രസ്തുത സെന്ററിൽ Urban Chair,Senior Urban Fellow, Urban fellow എന്നീ വിദഗ്ധരുടെ സേവനം മൂന്ന് വർഷത്തേക്ക് കിലയിൽ ലഭ്യമാക്കുവാനും ആയതിലേക്ക് 60,00,000 രൂപ വാർഷിക ചെലവ് പ്രതീക്ഷിക്കുന്നു. അതോടൊപ്പം കിലയിലുള്ള പ്രൊഫസർ, റിസോഴ്സ് അംഗങ്ങൾ എന്നിവരെ ഈ ടീമിൽ ഉൾപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. സെന്ററിന്റെ നടത്തിപ്പിലേക്കാവശ്യമായ തുക കോർപ്പറേഷൻ/മുനിസിപ്പാലിറ്റി വിഹിതമായി താഴെപ്പറയും പ്രകാരം കിലക്ക് ലഭ്യമാക്കാനും നിർദ്ദേശിച്ചിരിക്കുന്നു. രണ്ട് സാധ്യതകളാണ് നിർദ്ദേശിച്ചിരിക്കുന്നത്.

1) **വാർഷിക വിഹിതം**

| | |
|---|---|
| കോർപ്പറേഷൻ<br>1 ലക്ഷം രൂപ വീതം ഓരോ കോർപ്പറേഷനും | 60,00,000 രൂപ (1,00,000*6 nos) |
| പഴയ മുനിസിപ്പാലിറ്റികൾ<br>75,000 രൂപ വീതം ഓരോ മുനിസിപ്പാലിറ്റിയും | 44,25,000 രൂപ (75000*59 nos) |
| പുതിയ മുനിസിപ്പാലിറ്റികൾ<br>50,000 രൂപ വീതം ഓരോ മുനിസിപ്പാലിറ്റിയും | 14,00,000 രൂപ (50000*28 nos) |

2) **ഒറ്റത്തവണയായി വിഹിതം അടക്കൽ**- താഴെപ്പറയുന്ന വിധത്തിൽ ഒറ്റത്തവണയായും കിലക്കുള്ള വിഹിതം ലഭ്യമാക്കാവുന്നതാണ്.

| | |
|---|---|
| കോർപ്പറേഷൻ<br>5 ലക്ഷം രൂപ വീതം ഓരോ കോർപ്പറേഷനും | 30,00,00 രൂപ (500000*6 nos.) |
| പഴയ മുനിസിപ്പാലിറ്റികൾ<br>300,000 രൂപ വീതം ഓരോ മുനിസിപ്പാലിറ്റിയും | 1,77,00,000 രൂപ (3,00,000*59 nos.) |
| പുതിയ മുനിസിപ്പാലിറ്റികൾ<br>1,00,000 രൂപ വീതം ഓരോ മുനിസിപ്പാലിറ്റിയും | 28,00,000 രൂപ (1,00,000*28 nos) |

ശ്രീ.ലളിത്കുമാർ ദഷോറ തയ്യാറാക്കിയ കരട് പ്രൊപ്പോസൽ (ToR) 5/7/2019 ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിരുന്നു **(അനുബന്ധം- IV:പേജ് 111-118).** എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ
തീരുമാനം ചുവടെ ചേർക്കുന്നു

1. കിലയിൽ നിലവിലുള്ള സെന്റർ ഫോർ അർബൻ ഗവേർണൻസ് എന്ന നാമധേയം നിലനിർത്തുക
2. നഗരകാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ആസൂത്രണത്തിനപ്പുറം ഗവേർണൻസും മറ്റ് വിഷയമേഖലകളും ഉൾപ്പെടുത്തേണ്ടതാണ്.
3. ഈ കേന്ദ്രത്തിലേക്കായി വിദഗ്ധരെ നിയോഗിക്കുന്നതിനുള്ള പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. താഴെപ്പറയുന്ന വിദഗ്ധരെ കൺസൾട്ടൻസി/കരാർ രീതിയിൽ നിയോഗിക്കാവുന്നതാണെന്നും നിർദ്ദേശിച്ചു.
    i) Urban Chair Professor ( പ്രൊഫസർ റാങ്കിലുള്ളവർ)
    ii) Senior Urban Fellow (അസോസിയേറ്റ് പ്രൊഫസർ റാങ്കിലുള്ളവർ)
    iii) Urban Fellow ( അസിസ്റ്റന്റ് പ്രൊഫസർ റാങ്കിലുള്ളവർ)

    ഒരു Search committee യുടെ ശുപാർശ പ്രകാരം Urban Chair Professor നെ നിയോഗിക്കുന്നതിനും അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള നടപടി മുഖാന്തരം Senior Urban Fellow, Urban Fellow എന്നിവരെ തിരഞ്ഞെടുക്കുവാനും കില ഡയറക്ടറെ ചുമതലപ്പെടുത്തി.
4. പ്രൊപ്പോസൽ പ്രകാരമുള്ള തുക നഗരസഭകളിൽ നിന്നും കോർപ്പറേഷനുകളിൽ നിന്നും ഒറ്റത്തവണയായി താഴെപ്പറയും പ്രകാരം വിഹിതം ലഭ്യമാക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ കൈക്കൊള്ളുവാൻ സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുവാൻ തീരുമാനിച്ചു.

| | |
|---|---|
| കോർപ്പറേഷൻ<br>5 ലക്ഷം രൂപ വീതം ഓരോ കോർപ്പറേഷനും | 30,00,000 രൂപ (500000*6 nos.) |
| പഴയ മുനിസിപ്പാലിറ്റികൾ<br>300,000 രൂപ വീതം ഓരോ മുനിസിപ്പാലിറ്റിയും | 1,77,00,000 രൂപ (3,00,000*59 nos.) |
| പുതിയ മുനിസിപ്പാലിറ്റികൾ<br>1,00,000 രൂപ വീതം ഓരോ മുനിസിപ്പാലിറ്റിയും | 28,00,000 രൂപ (1,00,000*28 nos) |

മേൽ തീരുമാനം ഗവേർണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു

**തീരുമാനം**

1. കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു.
2. അർബൻ ചെയറിന്റെ തസ്തികകൾ സ്ഥിരം തസ്തികകൾ ആക്കുന്നതിന് തീരുമാനിച്ചു. സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള അംഗീകാരത്തിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ തീരുമാനിച്ചു.
3. പ്രൊപ്പോസലിൽ പരാമർശിച്ച തുക കോർപ്പറേഷനുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും ലഭിക്കുന്നതിന് സർക്കാരിന്റെ ഉത്തരവ് ആവശ്യമായതിനാൽ ടി അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു.

# ഐറ്റം നമ്പർ : 06

## കിലയിലെ രണ്ട് പാർട്ട് ടൈം സ്വീപ്പർമാർക്ക് പെൻഷൻ ആനുകൂല്യം അനുവദിക്കുന്നത് -സംബന്ധിച്ച്

01.02.2011 ലെ സർക്കാർ ഉത്തരവ് നം. 75/2011/തസ്വഭവ പ്രകാരം കില ജീവനക്കാർക്ക്പെൻഷൻ പദ്ധതി അംഗീകരിച്ച് സർക്കാർ ഉത്തരവ് ലഭിച്ചു. തുടർന്ന് കില സമർപ്പിച്ച "KILA Employees Pension Rules" ഭേദഗതികളോടെ 24.10.2014 ലെ G.O.(MS) No.183/2014/LSGD ഉത്തരവുപ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട് (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. **(അനുബന്ധം V: പേജ്121-122)** ആയതിൽ 01.04.2013 ന ശേഷം ജോലിയിൽ പ്രവേശിക്കുന്ന സ്ഥിരം ജീവനക്കാർക്ക് ''National Pension Scheme'' ബാധകമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം കില സെൽഫ് ഫൈനാൻസിംഗ് പെൻഷൻസ്കീമിൽ കില റെഗുലർ ജീവനക്കാർക്ക് മാത്രമാണ് ബാധകമാക്കിയിട്ടുള്ളത്.

29.09.2009 സ.ഉ. (എം.എസ്.) നം. 190/2009/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം, (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. **(അനുബന്ധം-VI: പേജ്123-124)** കിലയിൽ 17 വർഷത്തോളമായി കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തുവന്നിരുന്ന സ്വീപ്പർമാരിൽ 55 വയസ്സ് കഴിഞ്ഞ 4 പേരെ പാർട്ട്ടൈം ജീവനക്കാരായും 50 വയസ്സിനു താഴെയുള്ള 5 പേരെ ഫുൾടൈം ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് അനുസരിച്ച് 01.10.2009 മുതൽ ടി ജീവനക്കാർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത ജീവനക്കാർ 2006 ഏപ്രിൽ മാസം മുതൽ കിലയിൽ 'എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീമിൽ' ആനുകൂല്യം ബാധകമാക്കിയിട്ടുള്ളതാണ്.

സ്ഥിര നിയമനം നൽകിയ 4 പാർട്ട്ടൈം സ്വീപ്പർമാരിൽ ഒരാൾ സർവ്വീസിലിരിക്കെ മരണപ്പെടുകയും മറ്റൊരാൾ ശാരീരിക അസ്വസ്ഥതകളെ തുടർന്ന് സർവ്വീസിൽ നിന്ന് സ്വയം വിരമിക്കുകയുമുണ്ടായി. 30.11.2018 ൽ 70 വയസ്സ് പൂർത്തിയായ പാർട്ട്ടൈം ജീവനക്കാരിയായ ശ്രീമതി ഇന്ദിര. ടി.ജി. വിരമിക്കുകയും മറ്റൊരു പാർട്ട്ടൈം സ്വീപ്പർ ആയ ശ്രീമതി റോസക്കുട്ടി സർവ്വീസിൽ തുടരുകയുമാണ്. സേവനകാലാവധി 31.05.2025 വരെയാണ്.

പാർട്ട്ടൈം ജീവനക്കാർ എല്ലാവരും 55 വയയസ്സിന് ശേഷം ഇ.പി.എഫ്. സ്കീമിൽ അംഗത്വം സ്വീകരിച്ചതിനാൽ പ്രസ്തുത ജീവനക്കാർക്ക് ഇ.പി.എഫ് പെൻഷൻ ആനുകൂല്യം ലഭിക്കുകയില്ല. ഇവർ കില പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. സർക്കാരിന്റെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കുള്ള പെൻഷൻ റൂൾ പ്രകാരം നിലവിൽ 10 വർഷം സേവനം പൂർത്തിയാക്കുന്ന പാർട്ട്ടൈം ജീവനക്കാർക്ക് മിനിമം പെൻഷൻ 4400/- രൂപക്ക് അർഹതയുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു **(അനുബന്ധം- VII: പേജ്125-130)**

സർക്കാരിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കുള്ള പെൻഷൻ റൂൾ ന് സമാനമായി കിലയിലെ രണ്ട് പാർട്ട് ടൈം ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനു വേണ്ട തുടർനടപടി സംബന്ധിച്ച തീരുമാനത്തിനായി 5/7/2019 ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിരുന്നു.

സർക്കാരിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കുള്ള പെൻഷൻ റൂൾ ന് സമാനമായി കിലയിലെ രണ്ട് പാർട്ട് ടൈം ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യം ലഭ്യമാക്കുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കുകയും ആയതിനു ആവശ്യമായ നയപരമായ തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടെ ഗവേർണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിനും തീരുമാനിച്ചു .

24/10/2014 ലെ G.O.(MS) No.183/2014/LSGD ഉത്തരവുപ്രകാരം സർക്കാർ അംഗീകരിച്ച KILA Employees Pension Rules" ന്റെ clause 19 പ്രകാരം ടി പെൻഷൻ റൂളിൽ വരുന്ന ഭേദഗതികളോ, കൂട്ടിച്ചേർക്കൽ, ഒഴിവാക്കൽ എന്നിവ സർക്കാരിന്റെ അറിവോടെ വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

സർക്കാരിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കുള്ള പെൻഷൻ റൂൾ ന് സമാനമായി കിലയിലെ രണ്ട് പാർട്ട് ടൈം ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യം ലഭ്യമാക്കുവാൻ ആവശ്യമായ നയപരമായ തീരുമാനത്തിനായി ഗവേർണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം**

**കിലയിലെ രണ്ട് പാർട്ട് ടൈം സ്വീപ്പർമാർക്ക് പെൻഷൻ ആനുകൂല്യം അനുവദിക്കുന്നത് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു. സർക്കാരിന്റെ അനുമതിയോടെ നടപ്പിലാക്കുവാൻ തീരുമാനിച്ചു.**

# ഐറ്റം നമ്പർ : 07

## കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) അനുവദിക്കുന്നത്- സംബന്ധിച്ച്

സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും 2011 ലെ ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം (GO(P)No.85/2011/ഫിൻ തീയതി 26/02/2011) കുടുംബത്തോടൊപ്പം സർവീസ് കാലയളവിൽ യാത്ര പോകാൻ എൽ.ടി.സി അനുവദിച്ചിട്ടുണ്ട്.

എല്ലാ ഫുൾടൈം ജീവനക്കാർക്കും അദ്ധ്യാപകർക്കും (എയിഡഡ് സ്കൂൾ/ ലോക്കൽ ബോഡി ജീവനക്കാർ ഉൾപ്പെടെ) LTCക്ക് അർഹതയുണ്ട്. 15 വർഷം പൂർത്തിയായവരാകണം (പെൻഷന് കണക്ക് കൂട്ടുന്ന എല്ലാ സർവീസും ഇതിനായി കണക്ക് കൂട്ടാവുന്നതാണ്) അപേക്ഷകർ. സർവീസിനിടക്ക് ഒരു പ്രാവശ്യം മാത്രമേ നിലവിലെ ഉത്തരവ് പ്രകാരം LTC ലഭിക്കൂ. എന്നാൽ സസ്പെൻഷൻ ലഭിച്ചവർ മറ്റാവശ്യത്തിനായി LWA എടുത്തവർ പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാർ/താത്കാലിക ജീവനക്കാർ എന്നിവർക്ക് LTC ക്ക് അർഹതയില്ല.

ജീവനക്കാരൻ, ജീവനക്കാരന്റെ ഭാര്യ/ഭർത്താവ്, അവിവാഹിതരായ മക്കൾ, നിയമപരമായി ദത്തെടുത്ത മക്കൾ എന്നിവർക്ക് LTC അനുവദിക്കും. 6500 കിലോമീറ്റർ യാത്രക്കാണ് LTC അനുവദിക്കുന്നത് (മടക്കയാത്ര ഉൾപ്പെടെ). അവധിദിനങ്ങൾ ഉൾപ്പെടെ 15 ദിവസത്തേക്കാണ് യാത്ര അനുവദിക്കുക. ഈ ആനുകൂല്യം കിലയിലെ സ്ഥിരം ജീവനക്കാർക്കും നടപ്പിലാക്കുന്നതിനായുള്ള അപേക്ഷ ജീവനക്കാർ സമർപ്പിച്ചിട്ടുണ്ട്.

കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) അനുവദിക്കുന്നത് സംബന്ധിച്ച തീരുമാനത്തിനായി 5/7/2019 ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിരുന്നു.കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) ബാധകമാക്കുന്നതിന് ആവശ്യമായ നയപരമായ തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടെ ഗവേർണിംഗ് കൌൺസിലിന്റെ തീരുമാനത്തിനായി സമർപ്പിക്കുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു

കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) ബാധകമാക്കുന്നതിന് ആവശ്യമായ നയപരമായ തീരുമാനത്തിനായി ഗവേർണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു .

**തീരുമാനം**

കിലയിലെ ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) അനുവദിക്കുന്നത് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു. സർക്കാരിന്റെ അനുമതിയോടെ നടപ്പിലാക്കുവാൻ തീരുമാനിച്ചു.

# ഐറ്റം നമ്പർ : 08

## കൊട്ടാരക്കര സെന്ററിലെ (മുൻ എസ്.ഐ.ആർ.ഡി) തസ്തികളിലെ നിയമനം സംബന്ധിച്ച്

കില – കൊട്ടാരക്കര സെന്ററിലെ (മുൻ എസ്.ഐ.ആർ.ഡി) നിലവിലുള്ള തസ്തികളിലെ നിയമനങ്ങൾ സംനബന്ധിച്ച് തീരുമാനത്തിനായി 24.10.2018 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയുണ്ടായി. മേൽ വിഷയം സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി താഴെ പറയുന്ന ശുപാർഷകളോടുകൂടി അടുത്ത ഗവേണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.

1. അസിസ്റ്റന്റ് തസ്തികയിലെ യോഗ്യത ബിരുദാനന്തര ബിരുദവും, കമ്പ്യൂട്ടർ പരിജ്ഞാനവും ആക്കി പുതുക്കി നിശ്ചയിക്കുക.
2. ടൈപ്പിസ്റ്റ്, ഡാറ്റ എൻട്രി ഓപ്പറേറ്റർ മറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തികളിൽ (പാർട്ട് ടൈം സ്വീപ്പർ ഒഴികെ) അടിസ്ഥാന യോഗ്യത പ്ലസ് ടു, ബന്ധപ്പെട്ട മേഖലയിലെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കേറ്റ്/ലൈസൻസ് ആക്കി പുതുക്കി നിശ്ചയിക്കുക.
3. നിലവില്ലുള്ള മൂന്ന് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമം കരാറടിസ്ഥാനത്തിലാക്കുന്നതിന് നിർദ്ദേശിച്ചു.
4. ഓഫീസ് മാനേജർ തസ്തിക ഒഴികെ ബാക്കി തസ്ഥികളിൽ ഡെപ്യൂട്ടേഷൻ നിയമനം തീരുന്ന മുറയ്ക്ക് കാരാറടിസ്ഥാനത്തിൽ നിയമം നടത്തുന്നതിന് നിർദ്ദേശിച്ചു.

കൊട്ടാരക്കര സെന്ററിലെ നിലവില്ലുള്ള തസ്തികൾ സംബന്ധിച്ച എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിച്ച ശുപാർശകൾ ഉൾപ്പെടെയുള്ള വിവരങ്ങൾ പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു.

| Sl No | Name of Post | Scale of Pay | Sanctioned post | Name of Employee | Recent Mode of Appointment | Qualification (as per erstwhile SIRD) | Qualification Suggested by Executive Committee dated 24.10.2018 | Mode of Appointment Suggested by Executive Committee dated 24.10.2018 | Suggested Modifications |
|---|---|---|---|---|---|---|---|---|---|
| 1 | Office Manager | 30500-83000 | 1 | Sri.N.Anil Kumar | Deputation | Section Officer from Secretraiate | Post-Graduation and proficiency in Computer. | Deputation | Post-Graduation and proficiency in Computer. |
| 2 | Assistant (B Section) | 20000-45800 | 1 | Jose P.I. | Deputation | Grade I Assistant of Secretariate / UD Clerk of various Dept. With Graduation | Post-Graduation and proficiency in Computer. | Contract Basis | Post-Graduation and proficiency in Computer. |
| 3 | Assistant (C Section) | 20000-45800 | 1 | Vacant | Deputation | | Post-Graduation and proficiency in Computer. | Contract Basis | Post-Graduation and proficiency in Computer. |
| 4 | Assistant (D Section) | 25200-54000 | 1 | Smt.Drisya. | Deputation | Grade II Assistant of Secretariate / UD Clerk of various Dept. With Graduation | Post-Graduation and proficiency in Computer. | Contract Basis | Post-Graduation and proficiency in Computer. |
| 5 | UD Accountant cum Cashier | 25200-54000 | 1 | Vacant | Deputation | | Post-Graduation and proficiency in Computer. | Contract Basis | Post-Graduation in Commerce and proficiency in Accounting Software.etc. |
| 6 | Confidential Assistant | 20000-45800 | 1 | Vacant | Deputation | Pass in S.S.I.C & KGTE English and Malayalam Lower . Pass in KGTE Shorthand Lower English & Malayalam | Post-Graduation and proficiency in Computer. | Contract Basis | Post-Graduation and proficiency in Computer. |

| Sl No | Name of Post | Scale of Pay | Sanctioned post | Name of Employee | Recent Mode of Appointment | Qualification (as per erstwhile SIRD) | Qualification Suggested by Executive Committee dated 24.10.2018 | Mode of Appointment Suggested by Executive Committee dated 24.10.2018 | Suggested Modifications |
|---|---|---|---|---|---|---|---|---|---|
| 7 | Hostel Manager | 26500-56700 | 1 | Sri. G.R.Manikantan | Deputation | Head Clerk/ General extension Officer Rank | Post-Graduation and proficiency in Computer. | Contract Basis | Post-Graduation and proficiency in Computer |
| 8 | Typist/ Data Entry Operator | 18000-41500 | 1 | Smt. Varadakumari L | Daily wages | Pass in S.S.I.C & KGTE English and Malayalam Higer . | Plus Two with Certificate /License in the relevant field | Contract Basis | Plus Two with Certificate viz, MSWord, Excel, PPT, English, Malayalm DTP etc. |
| 9 | Driver | 18000-41500 | 1 | Sri. Renjith S | Daily wages | 7th standard , LMV & HMV<br>Light and Heavy motor vehicle license | Plus Two with Certificate /License in the relevant field | Contract Basis | Plus Two with Certificate /Driving License ( Heavy ) |
| 10 | Watchman | 16500-35700 | 1 | Sri. Robert | Daily wages | 7th std., Good physic, reading & writing | Plus Two with Certificate /License in the relevant field | Contract Basis | Plus Two |
| 11 | Kitchen Helper | 16500-35700 | 1 | Smt. Liji | Daily wages | 7th std., Good physic, reading & writing | Plus Two with Certificate /License in the relevant field | Contract Basis | Plus Two |
| 12 | Mess Cleaner | 16500-35700 | 1 | Sri. Suresh Kumar | Daily wages | 7th std. , Good physic, reading & writing | Plus Two with Certificate /License in the relevant field | Contract Basis | Plus Two |

| Sl No | Name of Post | Scale of Pay | Sanctioned post | Name of Employee | Recent Mode of Appointment | Qualification (as per erstwhile SIRD) | Qualification Suggested by Executive Committee dated 24.10.2018 | Mode of Appointment Suggested by Executive Committee dated 24.10.2018 | Suggested Modifications |
|---|---|---|---|---|---|---|---|---|---|
| 13 | Hostel Boy | 16500-35700 | 1 | Sri. Jayakumar | Daily wages | 7th std., Good physic, reading & writing | Plus Two with Certificate /License in the relevant field | Contract Basis | Plus Two |

കില-കൊട്ടാരക്കര സെന്ററിലെ (മുൻ എസ്.ഐ.ആർ.ഡി) നിലവിലുള്ള തസ്തികകളിലെ നിയമനങ്ങൾ സംബന്ധിച്ച് തീരുമാനത്തിനായി ഗവേണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം**

കൊട്ടാരക്കര സെന്ററിലെ (മുൻ എസ്.ഐ.ആർ.ഡി) തസ്തികകളിലെ നിയമനം സംബന്ധിച്ച എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശകൾ വിശദമായി ചർച്ച ചെയ്യുകയും താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിച്ച തസ്തികകളിൽ നിയമനം നടത്തുവാനും തീരുമാനിച്ചു.

1. അസിസ്റ്റന്റ്,UDഅക്കൗണ്ടന്റ് കം കാഷ്യർ , കോൺഫിടൻഷ്യൽ അസിസ്റ്റന്റ് ,ഹോസ്റ്റൽ മാനേജർ എന്നീ തസ്തികകളുടെ അടിസ്ഥാന യോഗ്യത ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമായി നിജപ്പെടുത്തി. കമ്പ്യൂട്ടർ പരിജ്ഞാനം സംബന്ധിച്ച വിശദാംശങ്ങൾ തീരുമാനിക്കുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി. ഒഴിവുള്ള തസ്തികകളിൽ സ്ഥിര നിയമനം നടത്തുവാൻ തീരുമാനിച്ചു. ആദ്യപടിയായി നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിലും വിവിധ ബോർഡുകൾ ,കോർപറേഷനുകൾ , സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ സ്ഥിരം നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാരിൽ തല്പരരുമുള്ളവരിൽ നിന്നും അപേക്ഷ സ്വീകരിച്ച നിയമന നടപടികൾ കൈക്കൊള്ളുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി. ഈ പ്രക്രിയയിൽ നിന്ന് ലഭ്യമാകുന്നില്ലെങ്കിൽ കിലയിലെ നിയമാവലി പ്രകാരം നിയമനം നടത്തുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി

2. ടൈപിസ്റ്റ്, ഡാറ്റ എൻട്രി ഓപ്പറേറ്റർ , ഡ്രൈവർ ,വാച്ചുമാൻ, മറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ (പാർട്ട് ടൈം സ്വീപ്പർ ഒഴികെ) അടിസ്ഥാന യോഗ്യത പ്ലസ് ടു, ബന്ധപ്പെട്ട മേഖലയിലെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കേറ്റ്/ലൈസൻസ് എന്നിങ്ങനെ ആക്കി പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചു.

# ഐറ്റം നമ്പർ : 09

## പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണത്തിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) യെ ചുമതലപ്പെടുത്തിയത് സംബന്ധിച്ച്

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതിയുടെ ഭാഗമായി കിഫ്ബി സഹായത്തോടുകൂടി നടപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണത്തിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി (SPV) കിലയെ 24.07.2019 ൽ ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ കൂടിയ യോഗത്തിൽ തീരുമാനമായിട്ടുള്ള വിവരം 07.08.2019 തീയ്യതിയിലെ ഡി.ബി 2/220/2019/തസ്വഭവ നമ്പർ കത്ത് മുഖാന്തിരം അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

കേരളത്തിലെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ 446 സ്കൂളുകളിൽ നടപ്പാക്കുന്ന പദ്ധതിയുടെ നടത്തിപ്പിനാണ് കിലയെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി ഒരു PMU രൂപീകരിക്കുന്നതിന് ആവശ്യമായ പ്രപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട് (**അനുബന്ധം- VIII: പേജ് 138-139**).

**തീരുമാനം**

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണത്തിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) യെ SPV ആയി ചുമതലപ്പെടുത്തിയതു പ്രകാരം പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് അനുമതി നൽകി.**

# ഐറ്റം നമ്പർ : 10

## കില-കൊട്ടാരക്കര- വനിതകൾക്കുവേണ്ടിയുള്ള ഹോസ്റ്റൽ നിർമ്മാണം

കൊട്ടാരക്കര കേന്ദ്രത്തിലും ഏകോപിത പരിശീലന കലണ്ടർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും അനുബന്ധവകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും സന്നദ്ധസംഘടനകളിലെ പ്രവർത്തകർക്കും വേണ്ടി പരിശീലനങ്ങൾ/ശില്പശാലകൾ സംഘടിപ്പിക്കുന്നുണ്ട്. അതോടൊപ്പം ഹൈദരാബാദിലുള്ള കേന്ദ്രഗ്രാമവികസന–പഞ്ചായത്തീരാജ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ(NIRD&PR) വിഭാവനം ചെയ്യുന്ന പരിശീലനങ്ങൾ/ശില്പശാലകൾ/പരിശീലകപരിശീലനങ്ങൾ (ToT) എന്നിവയും പ്രസ്തുത കേന്ദ്രത്തിൽ വച്ച് നടത്തിവരുന്നു. മേൽ പരിപാടികൾ എല്ലാം തന്നെ റസിഡൻഷ്യൽ പ്രോഗ്രാമുകളായാണ് സംഘടിപ്പിക്കുന്നത് എന്നതിനാൽ പരിശീലനാർത്ഥികൾക്കാവശ്യമായ താമസസൗകര്യം നിലവിലുള്ള ഹോസ്റ്റലുകളിലാണ് നല്കി വരുന്നത്.

ക്യാമ്പസിൽ നിലവിൽ രണ്ട് ഹോസ്റ്റലുകളാണ് ഉള്ളത്. ആകെ 100 പേർക്കു താമസിക്കുന്നതിനുള്ള സൗകര്യം മാത്രമാണ് ഇപ്പോഴുള്ളത്. ഒരു മുറിയിൽ രണ്ട് പേർക്ക് താമസിക്കുന്നതിനുള്ള സൗകര്യം എന്ന രീതിയിലാണ് നിലവിലുള്ള ക്രമീകരണം. സ്ത്രീകൾക്ക് പ്രത്യേക താമസ സമുച്ചയം ഇല്ലാത്തതിനാൽ നിലവിലുള്ള ഹോസ്റ്റലുകളിലെ മുറികൾ തന്നെ സ്ത്രീകൾക്കും പുരുഷന്മാർക്കും താമസ സൗകര്യം നല്കി വരുന്നത്.

പരിശീലനം/ശില്പശാലയിൽ പങ്കെടുക്കുന്നതിനായി എത്തിച്ചേരുന്ന ജനപ്രതിനിധികൾ/ഉദ്യോഗസ്ഥർ എന്നിവരിൽ ഭൂരിഭാഗവും വനിതകളാണ്. പ്രസ്തുത വനിതാഉദ്യോഗസ്ഥർ/ജനപ്രതിനിധികൾക്ക് മാത്രമായി പ്രത്യേക ഹോസ്റ്റൽസൗകര്യം ഒരുക്കുന്നത് ഉചിതമായിരിക്കും.

കിലയുടെ അധീനതയിലുള്ള ഭൂമിയിൽ നിലവിലുള്ള ഹോസ്റ്റലിനോട് ചേർന്നുള്ള സ്ഥലത്തോ പഴയക്വാർട്ടേഴ്സുകൾ പൊളിച്ചു നീക്കം ചെയ്യുന്ന സ്ഥലത്തോ പുതിയ ഹോസ്റ്റൽ നിർമ്മിക്കാവുന്നതാണ്. ഒരു മുറിയിൽ മൂന്ന് പേർക്ക് വീതം താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ ക്രമീകരിച്ച് 25 മുറികൾ ഉൾക്കൊള്ളുന്ന (ആകെ 75 പേർക്ക് താമസിക്കാൻ പര്യാപ്തമായത്) വനിതാഹോസ്റ്റൽ കൊട്ടാരക്കരയിലെ കില ക്യാമ്പസിൽ നിർമ്മിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. മൊത്തം 14324 sq. feet ഉള്ള നിർദിഷ്ട കെട്ടിട സമുച്ചയത്തിനു 456 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്നു.

കേരളത്തിലെ 152 ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതമായി 3 ലക്ഷം രൂപ വീതം കിലക്ക് ലഭ്യമാക്കുകയാണെങ്കിൽ ടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിക്കുവാൻ സാധ്യമാകും .

മുൻ ഗവേണിംഗ് കൗൺസിൽ തീരിമാന പ്രകാരം 25 മുറികളോട്ടുകൂടിയതും 75 പേർക്ക്താമസസൗകര്യം ലഭിക്കുന്നതുമായ വനിതാഹോസ്റ്റൽ കേരളത്തിലെ 152 ബ്ലോക്ക് പഞ്ചായത്തുകളുടെ ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതി നിർദ്ദേശം അംഗീകാരത്തിനായി ഗവേണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

തീരുമാനം

1. കില-കൊട്ടാരക്കര സെന്ററിൽ വനിതകൾക്ക് വേണ്ടിയുള്ള ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു.
2. നിർമ്മാണാവശ്യത്തിനുള്ള തുക ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കുവാൻ തീരുമാനിച്ചു. ആയതിലേക്ക് ആവശ്യമായ ഉത്തരവിനായി അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

# ഐറ്റം നമ്പർ : 11

## ഇതരവിഷയങ്ങൾ

11.1 കില പരിശീലന കലണ്ടർ 2019-20 ഇതോടൊപ്പം സമർപ്പിക്കുന്നു (അനുബന്ധം- IX: പേജ് 174-202)

## 11.2 പ്രവർത്തന റിപ്പോർട്ട് 2018-19

**2018-19 സാമ്പത്തിക വർഷത്തിൽ കില നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ രത്നച്ചുരുക്കം**

### I. കില ശ്രേഷ്ഠ സ്ഥാപനം

**വികേന്ദ്രീകൃതാസൂത്രണം, തദ്ദേശഭരണം എന്നിവയിൽ ശ്രേഷ്ഠ സ്ഥാപനം (Centre of Excellence):** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശ്രേഷ്ഠസ്ഥാപനമാക്കുന്നതിൻറെ ഭാഗമായി SIRD കൊട്ടാരക്കര, AHADS-CCPRM എന്നിവ കിലയിൽ ലയിപ്പിക്കുകയും കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ് എന്നിവടങ്ങളിലെ ETC സെൻററുകളെ കിലയുടെ ഭാഗമാക്കി പുനർനാമകരണം ചെയ്തത് ഉത്തരവായതിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു. പ്രസ്തുത സെന്ററുകളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതിനനുസൃതമായി ഏകീകൃത പരിശീലന കലണ്ടർ തയ്യാറാക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

1) KILA Tribal Development & Natural Resource Management Centre (KILA TD&NRM Centre), Agali, Palakkad
2) KILA Human Resource Development Centre (KILA HRD Centre), Kottarakkara, Kollam
3) KILA- Centre for Organic and Waste Management, Thaliparamba, Kannur
4) KILA- Centre for Socio-Economic Development, Kottarakkara, Kollam
5) KILA-Centre for Good Governance, Mannuthy, Thrissur

കിലയുടെ റീജണൽ സെന്റർ, തിരുവനന്തപുരം ജില്ലയിലെ കുമാരപുരത്ത് 2017 സെപ്തംബർ മുതൽ ആരംഭിച്ചു. സർക്കാരിന്റെ വിവിധ മിഷനുകളുടെ പരിപാടികളുടെ ആസൂത്രണം, നിർവ്വഹണം മുതലായ കാര്യപരിപാടികൾ ഈ സെന്ററിന്റെ നേതൃത്വത്തിൽ നടന്ന് വരുന്നു.

### II. കാര്യശേഷി വികസനം (പരിശീലനം)

#### 1) പരിശീലന പരിപാടിയിൽ നിന്നും കാര്യശേഷി വികസനത്തിലേക്ക്

രണ്ടാം ഘട്ട ജനകീയാസൂത്രണ പ്രവർത്തനങ്ങളെല്ലാം കേവലം അറിവ് മാത്രം പകരുന്നതിന് പകരം ഘട്ടംഘട്ടമായി കാര്യശേഷി വികസിപ്പിക്കുന്നതിലും കൂടുതൽ പേരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള തീവ്ര പരിശീലന പരിപാടികളിലും ശ്രദ്ധ നൽകിയാണ് സംഘടിപ്പിച്ചിട്ടുള്ളത്. കിലയുടെ എല്ലാ കേന്ദ്രങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഏകീകൃത പരിശീലന കലണ്ടർ തയ്യാറാക്കുകയും അതിൻ പ്രകാരം പരിശീലനങ്ങൾ സംഘടിപ്പിക്കുവാനും ആരംഭിച്ചു.

കാര്യശേഷി വികസന പരിശീലന പരിപാടിയുടെ ഭാഗമായി 336204 മനുഷ്യ ദിനങ്ങളാണ് വിവിധ പരിശലന പരിപാടികളാൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. പരിശീലന പരിപാടികളുടെ വിവരങ്ങൾ പട്ടിക രൂപത്തിൽ **അനുബന്ധം- X: പേജ് 157-173** സമർപ്പിക്കുന്നു. പരിശലന പരിപാടികളുടെ സംക്ഷിപ്തരൂപം ചുവടെ ചേർക്കുന്നു.

- **ഇൻഡക്ഷൻ ആന്റ് ഇൻസർവ്വീസ് പരിശീലനം** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കായി നടപ്പിലാക്കി.
- **ബാല സൗഹൃദ തദ്ദേശ സ്ഥാപനങ്ങൾ-** ബാലസൌഹൃദ ജില്ലകൾ, ബ്ലോക്കുകൾ, ഗ്രാമങ്ങൾ എന്നിവയാക്കി മാറ്റുന്നതിനായുള്ള കർമ്മപരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള

പ്രവർത്തനങ്ങൾക്ക് സഹായം നൽകുകയും ബാലസൗഹൃദ തദ്ദേശഭരണത്തിൽ പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കുകയും ചെയ്തു.

- **ഡിസ്ട്രിക്ട് പ്ലാൻ ഓഫ് ആക്ഷൻ ഫോർ ചൈൽഡ് (DPAC)** -തൃശൂർ ജില്ലയിൽ പൂർത്തീകരിച്ചു. മറ്റുള്ളവയിൽ ആരംഭിച്ചു.
- **വെർച്വൽ പഠന സമ്പ്രദായം** : SATCOM അഥവാ ഐ.പി അടിസ്ഥാന സാങ്കേതിക വിദ്യ, MOOC അഥവാ മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ, പരിശീലകരില്ലാത്ത പരിശീലന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി.
- **കാലാവസ്ഥാ വ്യതിയാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും:** പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.
- **കാലാവസ്ഥാ വ്യതിയാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും** - വിവിധ പഞ്ചായത്തുകളിൽ കോസ്റ്റൽ ആക്ഷൻ പ്ലാനും പ്രാദേശിക കാലാവസ്ഥ ആക്ഷൻ പ്ലാനും തയ്യാറാക്കി.
- **കാലാവസ്ഥാ വ്യതിയാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും** - വിവിധ പഞ്ചായത്തുകളിൽ ഹീറ്റ് ആക്ഷൻ പ്ലാൻ, കാര്യശേഷി വികസന പരിപാടി എന്നിവ കില സംഘടിപ്പിച്ചു.
- **മാനേജ്മെന്റ് ഡവലപ്പ്മെന്റ് പരിശീലനം:** തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ എല്ലാ ജന പ്രതിനിധികളുടേയും കാര്യശേഷി വികസനത്തിനായി മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാം ആവിഷ്കരിച്ച് നടപ്പിലാക്കി. സോഫ്റ്റ് സ്കിൽ അധിഷ്ഠിതമായ പരിശീലനം ആണ് വിഭാവനം ചെയ്തത്.
- **സാമൂഹ്യ വിദ്യാഭ്യാസ പരിപാടി:** പുതിയ കേരളം സൃഷ്ടിക്കുന്നതിന് വിവിധ മേഖലകളിൽ പ്രവൃത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും, സന്നദ്ധ പ്രവർത്തകർക്കും ക്ലബ്ബുകൾ, വായനാശലകൾ, മഹിളാ സമാജങ്ങൾ, സാക്ഷരതാ മിഷൻ പ്രവർത്തകർ, സീനിയർ സിറ്റിസൺ എന്നീ രംഗങ്ങളിൽ ഉള്ളവർക്ക് പരിശീലന പരിപാടി സംഘടിപ്പിച്ചു.
- **മലയാളം സോഫ്റ്റ് വെയറിൽ പരിശീലനം:** കിലയുടെ അഗളി കേന്ദ്രത്തിൽ അട്ടപ്പാടിയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മലയാളം സോഫ്റ്റ് വെയറിൽ പരിശീലനം നൽകി.
- നഗരസഭകളിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വികസനത്തിനായുള്ള പരിശീലനം നടപ്പിലാക്കി.
- സ്വച്ഛ് ഭാരത് മിഷൻ - അർബൻ (SBM(U) –പരിശീലനം നടപ്പിലാക്കി.
- സേവനത്തിനുള്ള അവകാശം (Right to Service) – വിവിധ തലത്തിലുള്ള സമഗ്രമായ പരിശീലന പരിപാടികൾ നടപ്പിലാക്കി.
- കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണവും ചട്ടങ്ങളും - പരിശീലനം നടപ്പിലാക്കി.
- അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (AUEGS) - പരിശീലനം സംഘടിപ്പിച്ചു.
- SCSCP/TSP - പരിശീലനം സംഘടിപ്പിച്ചു.
- പ്രാദേശിക ഭരണ സംവിധാനം സംബന്ധിച്ച പരിശീലനം നടപ്പിലാക്കി.
- വയോജന സൗഹൃദ ഭരണ സംവിധാനം സംബന്ധിച്ച പരിശീലനം നടപ്പിലാക്കി.
- ഭിന്നശേഷി സൗഹൃദ ഭരണ സംവിധാനം സംബന്ധിച്ച പരിശീലനം നടപ്പിലാക്കി.
- നവകേരളത്തിനായി ജനകീയാസൂത്രണം – നിർവ്വഹണ ഉദ്യോഗസ്ഥൻമാർക്കായുള്ള പരിശീലന പരിപാടി നടപ്പിലാക്കി.

- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച പരിശീലനം നടപ്പിലാക്കി.

## 2) പ്രത്യേക പരിപാടികൾ

- **പ്രാദേശിക പഠന ഗവേഷണ പ്രവർത്തനങ്ങൾ :** കേരളത്തിലെ പ്രാദേശിക സർക്കാരുകളിൽ നടന്ന് വരുന്ന അനുകരണീയവും മാതൃകാപരവുമായ പ്രവർത്തനങ്ങൾ പഠിക്കുകയും മറ്റു സ്ഥാപനങ്ങൾക്കും പകർന്ന് നൽകാൻ കഴിയുകയും ചെയ്യുന്ന തരത്തിൽ അവ രേഖപ്പെടുത്തി മാതൃകയാക്കുന്ന പുതിയ പരിപാടികൾ കില ആരംഭം കുറിച്ചു.
- **സംസ്ഥാന സർക്കാരിന്റെ നവകേരള കർമ്മപദ്ധതിയുമായുള്ള സഹകരണം :** നവകേരള കർമ്മപദ്ധതിക്ക് കീഴിലുള്ള വിവിധ മിഷനുകളായ ലൈഫ്, ആർദ്രം, സമഗ്ര വിദ്യാഭ്യാസ പരിപാടി, ഹരിത കേരളം എന്നിവയുടെ കാര്യക്ഷമമായ നടത്തിപ്പിനായി കാര്യശേഷി വികസന പരിപാടികൾ കില ഏറ്റെടുത്ത് നടപ്പിലാക്കി.
- **ഐ.എസ്.ഒ സർട്ടിഫിക്കേഷൻ:** സമ്പൂർണ്ണ ഗുണമേന്മാ പരിപാലനത്തിലൂടെ ഐ.എസ്.ഒ 9001:2015 സർട്ടിഫിക്കേഷൻ നേടുന്നതിന് ഗ്രാമ പഞ്ചായത്തുകളെ സഹായിക്കുന്നതിനായി സേവനം നൽകുന്നുണ്ട്. ഈ വർഷം 479 ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ആയി പ്രാപ്തരാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകുകയും ആയതിൽ 95 ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

## 3) ദേശീയ-അന്തർദേശീയ പരിപാടികൾ:

- **മംഗോളിയ:** മംഗോളിയയുടെ തലസ്ഥാനമായ ഉലാൻബത്താറിന് (Ulaanbaatar) ആവശ്യമായ പരിശീലന സംവിധാനം തയ്യാറാക്കുവാൻ കിലയുടെ സഹായം അഭ്യർത്ഥിച്ചത് പ്രകാരം കില പ്രതിനിധി അവിടെ സന്ദർശിക്കുകയും തുടർന്ന് മംഗോളിയൻ പ്രതിനിധി സംഘം കേരളത്തിലെത്തി പരിശീലന സംവിധാനം രൂപകല്പന ചെയ്യുകയും ചെയ്തു. .
- **ശ്രീലങ്ക:** ശ്രീലങ്കൻ പ്രാദേശിക സർക്കാരിലെ വിവിധതല സംവിധാനങ്ങൾക്കായി കില പരിശീലനം സംഘടിപ്പിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ശ്രീലങ്കയിലെ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. ഫൈസൽ മുസ്തഫയും സംഘവും കില സന്ദർശിച്ചു.
- **ഭൂട്ടാൻ :** ഭൂട്ടാൻ സർക്കാരിന്റെ പ്രതിനിധികൾക്കുള്ള പരിശീലനം കില സംഘടിപ്പിച്ചു.
- **ബംഗ്ലാദേശ്:** ബംഗ്ലാദേശിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കായുള്ള പരിശീലനത്തിന് കില നേതൃത്വം നൽകി.

- **ദേശീയ കോൺഫറൻസ്:**
  - ✓ ഇന്ത്യൻ ഭരണഘടനയുടെ 73,74 ഭേദഗതികൾ വന്നിട്ട് 25 വർഷം പിന്നിട്ട സന്ദർഭത്തിൽ 'പഞ്ചായത്തീ രാജ് - കാൽ നൂറ്റാണ്ട്' എന്ന ശീർഷകത്തിൽ ഒരു ദേശീയ സമ്മേളനം 2018 ഏപ്രിൽ 24-25 തീയതികളിലായി തിരുവനന്തപുരത്ത് വെച്ച് കില നടത്തുകയുണ്ടായി.
  - ✓ ഗുജറാത്തിലെ സേതു അഭിയാനുമായി ചേർന്ന് ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (ജിപിഡിപി): ''വെല്ലുവിളികളും സാധ്യതകളും'' എന്ന വിഷയത്തെ അധികരിച്ച് 2018 ഡിസംബർ 21,22 തീയതികളിലായി രണ്ടുദിവസത്തെ ദക്ഷിണേന്ത്യാ തലത്തിലുള്ള ശില്പശാല സംഘടിപ്പിച്ചു. പരിശീലന വിഷയവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന

സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് വികസന പദ്ധതി പങ്കുവെക്കുക, അനുഭവങ്ങൾ മെച്ചപ്പെടുത്തുക, പദ്ധതിയുടെ നിർവ്വഹണ പ്രവർത്തനങ്ങൾ കണ്ടെത്തുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

- ✓ മഹാത്മജിയുടെ ഗ്രാമസ്വരാജും പഞ്ചായത്ത് രാജും: : ഇതുമായി ബന്ധപ്പെട്ട ശില്പശാല 2018 ഡിസംബർ 7 ന് സംഘടിപ്പിക്കുകയുണ്ടായി.

## 4) കോഴ്സുകൾ

- **ബാല സൌഹൃദ ഡിപ്ലോമ കോഴ്സ്** : കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് 6 മാസത്തെ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.
- **പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ കോഴ്സ്**: മഹാത്മാഗാന്ധി സർവ്വകലാശാലയുമായി സഹകരിച്ച് മൂന്ന് പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

## 5) കാര്യശേഷി വികസനത്തിന്റെ ഭാഗമായി കിലയുടെ പുറത്ത് പങ്കെടുത്ത പരിശീലന പരിപാടികൾ

| ക്രമ നമ്പർ | വകുപ്പ് | പരിശീലനംകോഴസ് വിവരങ്ങൾ/ | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| 1 | ഗ്രാമ വികസന വകുപ്പ് | SAGY Training ,NIRD, Hyderabad | 22 |
| 2 | പഞ്ചായത്ത് ഡിപ്പാർട്ട്മെൻറ് | Digital Transformation thorugh E Governance – at Goa ( conducted NIPCD, New Delhi) | 3 |
| 3 | ശുചിത്വ മിഷൻ | Technichal Training on 'Decentalised Waste Water Treatment System and Fecal Sludge Management' – (Organized by Ecosan, Pune) | 5 |
| 4 | KILA – CHRD, Kottarakkara | ELT Course – IMG Trivandrum | 1 |
| | | Strategies for the Development of Transgender People in Rural Areas – ToT, NIRD Hydrabad | 1 |
| | | SAGY Training – NIRD, Hydrabad | 1 |
| | | Capacity development (Women Empowerment) programme at Lakshadweep, Kavarathi ( Panchayat Departmnet, Kavarathi) | 1 |
| 5 | KILA, Thrissur | Strategies for the Development of Transgender People in Rural Areas – ToT, NIRD Hydrabad | 3 |
| | | Capacity development- Women Empowerment Programme at Lakshadweep, Kavarathi ( Panchayat Departmnet, Kavarathi) | 2 |
| | | Digital Transformation thorugh E Governance – at Goa ( conducted NIPCD, New Delhi) | 1 |
| 6 | പഞ്ചായത്ത് വകുപ്പ് | IRMA (2019 ജനുവരി 17 മുതൽ 19 വരെ) | 22 |

| | | | |
|---|---|---|---|
| 7 | പഞ്ചായത്ത് വകുപ്പ് | Conclave of Women Elected representatives – 2019 January 18-19 Vignan Bhavan, New Delhi. (NIRD – PRD, Hydrabad) | 35 |
| 8 | ശുചിത്വ മിഷൻ | Fecal sludge management – Deconstructed waste water treatment system. – 2018 April 30 to May 5 – (Ecoson Foundation, Pune) | 3 |
| 9 | ഗ്രാമ വികസന വകുപ്പ് | Integrating Disaster and Risk Management – 2019 February 24-28 - (NIRD – PRD, Hydrabad) | 2 |
| 10 | പഞ്ചായത്ത് വകുപ്പ്, കില | National Workshop on CFLG – 2019 Febrary 26-27 – (MoPR, NIRD & UNICEF) – IITTM Gwalior | 4 |
| | | ആകെ | 106 |

## 6) Training Impact Assessment

കില നടത്തിയ താഴെപ്പറയുന്ന പരിശീലന പരിപാടികളുടെ ട്രെയിനിംഗ് ഇംപാക്റ്റ് അസെസ്മെന്റിനായി വിവിധ ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരിശീലന പരിപാടി | ഏജൻസി |
|---|---|---|
| 1 | Child Friendly Local Governance | IRTC, Mundur |
| 2 | Capacity Building for Municipal Officers | IRTC, Mundur |
| 3 | TQM-ISO, | Centre for Socio Economic and Environmental Studies (CSES) |
| 4 | Barefoot Technical Training | Centre for Socio Economic and Environmental Studies (CSES) |

## II. പ്രത്യേക വിഷയ മേഖലാ കേന്ദ്രങ്ങൾ

തദ്ദേശഭരണവുമായി ബന്ധപ്പെട്ട് വിവിധ വിഷയ മേഖലകൾക്കായി കേന്ദ്രങ്ങൾ ആരംഭിച്ച് പ്രവർത്തനങ്ങൾ നടന്ന് കൊണ്ടിരിക്കുന്നു. പ്രസ്തുത പ്രവർത്തനങ്ങളുടെ രത്നചുരുക്കം ചുവടെ ചേർക്കുന്നു.

- **സെന്റർ ഫോർ എസ്.ഡി.ജി.(SDG) ആന്റ് ലോക്കൽ ഗവേണൻസ്** - 2017 ഒക്ടോബർ മാസത്തിൽ ഈ കേന്ദ്രം ആരംഭിച്ചു. നാഷണൽ ഫൗണ്ടേഷൻ ഓഫ് ഇന്ത്യ (NFI) എന്ന സ്ഥാപനവുമായി പ്രൊജക്റ്റ് കരാർ ഒപ്പുവെച്ചു. കേരള സംസ്ഥാന ആസൂത്രണ ബോർഡ്, CPMU എന്നിവർ ഇതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനായുള്ള വിവിധ ശില്പശാലകൾ സംഘടിപ്പിച്ചു.
- **പരിസ്ഥിതി, കാലാവസ്ഥ വ്യതിയാനം, ജൈ വൈവിധ്യ കേന്ദ്രം** - 2017 നവംബർ മാസത്തിൽ പ്രവർത്തനമാരംഭിച്ച ഈ കേന്ദ്രത്തിൽ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റേയും ജൈവവൈവിധ്യ ബോർഡിന്റേയും സഹകരണത്തോടെ തുടർച്ചയായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം രൂക്ഷമായി അനുഭവപ്പെടുന്ന ഇടുക്കി, വയനാട്, പാലക്കാട്, ആലപ്പുഴ എന്നീ ജില്ലകളിലാണ്. ഈ 'ഹോട്ട്സ്പോട്ട്' ജില്ലകളിലെ കാലാവസ്ഥാ വ്യതിയാനം മൂലം പരിസ്ഥിതി, ജൈവവൈവിധ്യം എന്നിവയിൽ ഉണ്ടാകാനിടയുള്ള ആഘാതം പരമാവധി കുറക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുകയെന്ന ഉദ്ദേശ ലക്ഷ്യത്തോടെയുള്ള പരിശീലനങ്ങളുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു .

- **ഇന്നവേഷൻ ആന്റ് ഇൻക്യൂബേഷൻ ഹബ്ബ് ഫോർ ലോക്കൽ ഗവൺമെന്റ്സ്** - 2017 നവംബറിൽ ആരംഭിച്ച ഈ ഹബ്ബിന്റെ പ്രവർത്തനത്തിനായി ഹൈദരാബാദിലുള്ള നാഷണൽ സെന്റർ ഫോർ ഇന്നവേഷൻസ് ഇൻ പബ്ലിക് പോളിസി, ഐ.ഐ,ടി മുംബൈ എന്നീ സ്ഥാപനങ്ങളുമായി കില കരാറിലേർപ്പെട്ടിട്ടുണ്ട്. പുതിയ ആശയങ്ങൾ വളർത്തിയെടുക്കുന്നതിനും ഭാവിയിലെ വെല്ലുവിളികൾ നേരിടുന്നതിനുമുള്ള സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുന്നതിനായുള്ള കേന്ദ്രമാണിത് .

- **ജെന്റർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ്** - നയരൂപീകരണം, പദ്ധതി നിർവ്വഹണം, മൂല്യനിർണ്ണയം തുടങ്ങിയ പ്രവർത്തനത്തിൽ തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുകയും അതുവഴി ലിംഗ നീതി ഉറപ്പാക്കുന്നതിനായി പ്രസ്തുത കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ നടന്നുവരുന്നു.

- **ലീഗൽ റിസോഴ്സ് സെന്റർ ഫോർ ലോക്കൽ ഗവേണൻസ്** - ഭരണ ഘടനയുടെ 73,74 ഭേദഗതികൾക്ക് ശേഷം തദ്ദേശസ്ഥാപനങ്ങൾ ഏകദേശം കാൽനൂറ്റാണ്ട് പിന്നിട്ട് കഴിഞ്ഞു. എന്നാൽ ഇന്നും ഭരണകാര്യ നിർവ്വഹണവും നിയമവ്യവഹാരനടത്തിപ്പുമായി ബന്ധപ്പെട്ട നടപടി ക്രമ വ്യവസ്ഥാപനവും പരിശീലനവും മതിയായ രീതിയലല്ല നടപ്പിലാക്കുന്നത്. ഇത് വഴിയായി അനാവശ്യ നിയമതർക്കങ്ങൾ, ധനനഷ്ടം, കാലതാമസം, മറ്റ് അനാവശ്യ സങ്കീർണ്ണതകൾ എന്നിവയും ഉണ്ടാകുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആവശ്യമായ പഠനങ്ങൾ, ശില്പശാലകൾ എന്നിവയാണ് ഈ കേന്ദ്രത്തിന്റെ ലക്ഷ്യങ്ങൾ. National University of Advanced Legal Studies (NUALS) കൊച്ചിയുമായി ഒത്തുചേർന്ന് പ്രവർത്തിക്കാൻ ചർച്ചകൾ നടന്നു വരുന്നു.

**സുസ്ഥിര വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള മേഖലാ പരിപാടികൾ**

- **തളിപറമ്പ് - സമൃദ്ധി** - നീർത്തടാധിഷ്ഠിത വികസനം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ മേഖലകളിൽ കാര്യശേഷി വികസന പരിപാടികൾ സംഘടിപ്പിച്ചു. മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവയെ അവയുടെ സമഗ്രതിയിൽ സംയോജിപ്പിച്ചകൊണ്ട് എല്ലാ ജനവിഭാഗങ്ങളുടേയും ജീവിത നിലവാരം ക്രമാനുസൃതമായി മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ തളിപറമ്പ നിയോജക മണ്ഡലത്തിൽ **സമൃദ്ധി** എന്ന പദ്ധതി ആരംഭിച്ചിട്ടുള്ളത്. അതിനുള്ള കാര്യശേഷി വികസന സഹായം കില നൽകുന്നു. ആത്യന്തികമായി സുസ്ഥിര ജീവനോപാധി എന്ന കാഴ്ച്ചപ്പാടാണ് സ്വീകരിച്ചിട്ടുള്ളത്.
- **കാട്ടാക്കട ഒപ്പം** - സ്ത്രീ സൗഹൃദ നിയോജക മണ്ഡലമാക്കി മാറ്റുന്നതിനുള്ള ബൃഹത്തായ കാര്യശേഷി വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിൽ കില സഹായിച്ചു. സ്ത്രീ- പുരുഷ അസമത്വം പരമാവധി ഇല്ലാതാക്കി സ്ത്രീ നിതിയിലധിഷ്ഠിതമായ വികസന നയം തയ്യാറാക്കി നടപ്പാക്കുന്നതിനാണ് **'ഒപ്പം'** എന്ന പേരിൽ കാട്ടാക്കട നിയോജക മണ്ഡലത്തിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

- **കല്പറ്റ പച്ചപ്പ്** - കിലയുടെ സഹകരണത്തോടെ കർഷക ആദിവാസി സൌഹൃദ ഹരിത മണ്ഡലമാക്കുന്നതിന് ലക്ഷ്യമിടുന്ന സമഗ്ര പരിപാടിയാണ് **'പച്ചപ്പ്'** എന്ന പദ്ധതി. കാർഷിക വിഭവങ്ങളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, ജലസംരക്ഷണം, തൊഴിൽ നൈപുണ്യ പരിശീലനം, തൊഴിൽശാലകളുടെ സ്ഥാപനവും തുടങ്ങിയ നിരവധി പദ്ധതികളും ഉൾപ്പെടുത്തിയാണ് കല്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി 65 കി.മീറ്റർ പുഴ അയ്യായിരത്തോളം പേർ ചേർന്ന് ശുദ്ധീകരിക്കുകയുണ്ടായി.

- **കാൻ ആലപ്പി (CANALAPY)** – ആലപ്പുഴ നഗരത്തിലെ ഖര ജല മാലിന്യ പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനും അവക്ക് പരിഹാരം കണ്ടെത്തുന്നതിനും കനാലുകളുടെ പുനരുജ്ജീവനവും

സംരക്ഷണവും ലക്ഷ്യമിട്ടുകൊണ്ട് ഐ.ഐ.ടി മുംബൈയും കിലയും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

- **ധർമ്മടം -** തരിശു രഹിത മണ്ഡലം, സ്ത്രീ സൗഹൃദ മണ്ഡലം,വയോജന സൗഹൃദ മണ്ഡലം, സമഗ്ര ആരോഗ്യ മണ്ഡലം എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിവിധ മേഖലയിൽ പദ്ധതികൾ രൂപീകരിച്ച് കൊണ്ടാണ് ഓരോ തലത്തിലും സർക്കാരുകൾ ഇടപെടുന്നതിനുള്ള ഒരു സമഗ്ര പദ്ധതിയാണ് രൂപപ്പെടുത്തിയിട്ടുള്ളത്.
- **ബ്ലൂ ആർമി, തൃശ്ശൂർ** : ജലരക്ഷ ജീവരക്ഷ എന്ന സംയോജിത പ്രോജക്ട് ജില്ലയിലെ വിദ്യാർത്ഥി സമൂഹത്തിന്റെ മുഴുവൻ പങ്കാളിത്തം ഉറപ്പ് വരുത്തുക വഴി ജലസാക്ഷരത വിദ്യാർത്ഥികളിൽ ഊട്ടിയുറപ്പിക്കുന്നതിനായുള്ള പരിശീലന പരിപാടി ജില്ലാ ആസൂത്രണ സമിതിയുടെയും കിലയുടെയും ആഭിമുഖ്യത്തിൽ നടപ്പിലാക്കി.
- **മുന്നോട്ട് പരിശീലന പരിപാടി** : അട്ടപ്പാടിയിലെ ആദിവാസി വിദ്യാർത്ഥികളുടെ വ്യക്തി ശുചിത്വവും വ്യക്തിഗത വികസനവും അക്കാദമിക് മികവും ഉയർത്തുന്നതിനായുള്ള പരിപാടി കിലയുടെ അഗളി കേന്ദ്രത്തിൽ പരിശീലനം സംഘടിപ്പിച്ചു.
- **പ്രോജക്ട് ഷൈൻ** : കിലയുടെ അഗളി കേന്ദ്രത്തിൽ സംഘടിപ്പിച്ചു വരുന്ന 'പ്രൊജക്ട് ഷൈൻ' അട്ടപ്പാടിയിലെ ആദിവാസി വിഭാഗത്തിൽപെട്ട അഞ്ചാംതരത്തിൽ പഠിക്കുന്ന വിദ്യാർഥികളെ ഉന്നത വിദ്യാഭ്യാസത്തിനുള്ള മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനുള്ള പരിശീലനം കഴിഞ്ഞ വർഷം മുതൽ കില ഏറ്റെടുത്ത് നടപ്പിലാക്കി.
- **വടക്കാഞ്ചേരി പുഴ സംരക്ഷണം** : തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി പുഴയുടെ സംരക്ഷണത്തിനുള്ള പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനങ്ങൾ ശില്പശാലകൾ, പ്രചരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ, സാങ്കേതിക വൈദഗ്ധ്യം ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ കില പങ്കാളിയായി.
- **നമ്മൾ മുന്നോട്ട് (തോളൂർ)** : തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ മാതൃകാ പദ്ധതിയാണ് നമ്മൾ മുന്നോട്ട്. ജനപങ്കാളിത്തത്തിലധിഷ്ഠിതമായ സുതാര്യം സുസ്ഥിരവും സമഗ്രവും ഗുണമേന്മയേറിയതും വേഗതയേറിയതുമായ വികസന മുന്നേറ്റം സൃഷ്ടിക്കുവാൻ ആവശ്യമായ പരിശീലനങ്ങൾ ശില്പശാലകൾ, പ്രചരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ, സാങ്കേതിക വൈദഗ്ധ്യം ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ കില പങ്കാളിയായി.
- **സുസ്ഥിര വ്യവസായ വാണിജ്യ ഗ്രാമം** : തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിലെ തെക്കുംകര ഗ്രാമപഞ്ചായത്തിലെ തൊഴിൽ ആവശ്യമുള്ള എല്ലാവർക്കും സ്വയം തൊഴിലും സാമ്പത്തിക ഭദ്രതയും പദ്ധതി ലക്ഷ്യം വെക്കുന്നു. ഗ്രാമപഞ്ചയത്തിന്റെയും വ്യവസായ വകുപ്പിന്റെയും നേതൃത്വത്തിൽ കേന്ദ്ര സംസ്ഥാനപദ്ധതികളുടെ സംയോജനത്തിലൂടെ ഈ ലക്ഷ്യം കൈവരിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത് . ഇതിന് ആവശ്യമായ പരിശീലനങ്ങൾ ശില്പശാലകൾ, സെമിനാറുകൾ വിദഗ്ധരുടെ സേവനങ്ങൾ എന്നിവയ്ക്കാവശ്യമായ പിന്തുണ സംവിധാനങ്ങൾ കില നൽകി വരുന്നു.
- **ചെറുപുഴ സംരക്ഷണ പദ്ധതി(പുഴക്കാട്ടിരി):** മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് ചെറുപുഴ സംരക്ഷണ പദ്ധതി. ഹരിത കേരള മിഷന്റെ പദ്ധതിയുടെ ഭാഗമായുള്ള ഈ പുഴ സംരക്ഷണ പദ്ധതിയോടനുബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ എന്നിവർക്ക് ആവശ്യമായ പരിശീലനങ്ങൾ ശില്പശാലകൾ, സെമിനാറുകൾ വിദഗ്ധരുടെ സേവനങ്ങൾ എന്നിവ കില നൽകി വരുന്നു.

## III. പ്രോജക്ടുകൾ

- RGSA : കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ (RGSA) പദ്ധതിയിൽ 3842.97 ലക്ഷം രൂപയാണ് 2018-19 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭ്യമായിട്ടുള്ളത്. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിനായി കോർഡിനേറ്റർമാരെ നിയോഗിക്കുന്നതിനായി പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്, ശ്രീപെരുമ്പത്തൂർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ എന്നീ ക്യാമ്പസുകളിൽ നിന്നും തെരഞ്ഞെടുത്ത 12 പേരെ കോർഡിനേറ്റർമാരായി 25000/- രൂപ പ്രതിമാസ വേതന നിരക്കിൽ നിയോഗിച്ചിട്ടുണ്ട്.
- കിലയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള വിവിധ ഏജൻസികൾമുതലായവ പ്രോജക്ടുകൾ , ചുവടെ ചേർക്കുന്ന സംബന്ധിച്ച് ക്രോഡീകരിച്ച വിവരങ്ങൾ

| ക്ര.നം | ഏജൻസിയുടെ പേര് | പ്രൊജക്ട് | കരാർ കാലാവധി | പ്രൊജക്ട് തുക |
|---|---|---|---|---|
| 1. | Food and Agriculture Organization of the United Nations FAO – UN | Strengthening Agriculture and Allied Sector Contributions in implementing India's NBAP 2008 & NBTs'-FAO | Sep 2018 – 30th October 2019 | INR 6.50 Lakh |
| 2. | United Nations Development Programme -UNDP | Creation of Bunch mark for Socio Economic data base/ Focus on Edamalakudy | 4th December 2018 – 3rd December 2019 | INR 51.28 Lakh |
| 3. | UNICEF | JPPI | March 2019 continuing | INR 20 Lakh |
| 4. | National Foundation of India-NFI | Project Proposal on Mainstreaming Sustainable Development Goals SDG | August 2017 to August 2019 | INR 60 Lakh |
| 5. | Deutsche Gesellschaft für Internationale Zusammenarbeit (GIZ GmbH)-GIZ | Development and pilot testing of training modules on operationalization of Biodiversity Management Committees | In Discussion | INR 6.25 lakh |
| 6. | United Nations Environment Programme - UNEP | Up-Scaling Community Resilience through Ecosystem-based Disaster Risk Reduction (Eco-DRR) | In Discussion | USD 80000 |

## IV. പ്രളയാനന്തര പ്രവർത്തനങ്ങൾ

- നാടൊരുക്കാം നാളേക്കായ്

പ്രളയാനന്തര പുനരധിവാസ പുനർനിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് കിലയും ആരോഗ്യവകുപ്പും സംയുക്തമായി തയ്യാറാക്കിയ വീഡിയോ ആണ് "നാടൊരുക്കാം നാളേക്കായ്". പ്രളയത്തിന് ശേഷമുള്ള ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും മാലിന്യ സംസ്കരണം, ശുചിത്വ നടപടികൾ എന്നിവയെ സംബന്ധിച്ചുള്ള മുൻകരുതലുകളെക്കുറിച്ചും ബഹു. ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി. കെ.കെ ശൈലജ, ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ.സി. മൊയ്തീൻ എന്നിവരുടെ പ്രതികരണത്തോടെയാണ് വീഡിയോ ആരംഭിക്കുന്നത്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, ക്ലോറിനേഷൻ, നാടും നഗരവും വൃത്തിയാക്കൽ, പുനരധി വാസത്തിനുള്ള സഹായസംവിധാനങ്ങൾ, തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള പരിശീലന വീഡിയോയാണിത്. സന്നദ്ധപ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, കർമ്മസേനാപ്രവർത്തകർ, വിദ്യാർത്ഥികൾ തുടങ്ങിയ വിഭാഗങ്ങളെ വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ച് കൊണ്ടുപോകേണ്ടതെങ്ങനെയെന്ന് വീഡിയോ വിശദീകരിക്കുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരുടേയും പങ്കിനെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്.

- **തദ്ദേശസ്ഥാപനങ്ങൾക്കുവേണ്ടി ചെക്ക് ലിസ്റ്റ്**

പ്രളയ ദുരിതാശ്വാസ നടപടികളുടെ ഭാഗമായി ഓരോ തദ്ദേശസ്ഥാപന അദ്ധ്യക്ഷന്മാരും സെക്രട്ടറിമാരും ജനപ്രതിനിധികളും ഓരോ ദിവസവും ചെയ്യേണ്ട അടിയന്തിരമായ കാര്യങ്ങൾ ഓർമ്മപ്പെടുത്തുന്നതിനും സ്വയം വിലയിരുത്തി അർപ്പണ മനോഭാവത്തോടെ ചെയ്യുന്നതിനുമായി ചെക്ക്ലിസ്റ്റ് തയ്യാറാക്കി കില നൽകിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ, ജനപ്രതിനിധികൾ എന്നിവർ ചെയ്യേണ്ട കാര്യങ്ങൾ ഇനം തിരിച്ചാണ് നൽകിയിട്ടുള്ളത്.

- **രോഗവിവര ശേഖരണ പരിപാടി**

കുട്ടനാട്ടിൽ വെള്ളപ്പൊക്കം ഉണ്ടായ സാഹചര്യത്തിൽ അധികം വൈകാതെ തന്നെ രോഗങ്ങൾ പടർന്നുപരക്കുമെന്ന് സാധ്യത മുന്നിൽ കണ്ടു കൊണ്ട് കിലയുടെയും ഐ.ഐ.ടി. മുംബൈയുടെയും സംയുക്ത സംരംഭമായ കനാൽപി (CAN ALPY) യിലെ പ്രവർത്തകർ തയ്യാറാക്കി മറ്റ് സംഘടനകൾക്ക് ഒപ്പം നടപ്പിലാക്കിയ രോഗവിവരശേഖരണ പരിപാടി.

- **കിലയിൽ ദുരിതാശ്വാസാസ ക്യാമ്പ് ശുചീകരണ പ്രവർത്തനങ്ങളിൽ കില ജീവനക്കാരും**

കിലയുടെ സമീപ പ്രദേശമായ കുറാഞ്ചേരിയിലുണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും ജീവഹാനിയും വ്യാപകമായ നാശനഷ്ടങ്ങളുണ്ടായി. ഉരുൾപൊട്ടലിനുശേഷം അതിവർഷം തുടർന്നതിനാൽ സമീപപ്രദേശങ്ങളിലുള്ളവരെ സുരക്ഷിത സ്ഥാനങ്ങളിലേക്കു മാറ്റി പാർപ്പിക്കേണ്ടതും അനിവാര്യമായി. കിലയിൽ ദുരിതാശ്വാസ ക്യാമ്പ് സജ്ജമാക്കണമെന്ന് ബഹു. ജില്ലാ കളക്ടറുടെ നിർദ്ദേശത്തെ തുടർന്ന് 17.08.2018 ൽ ക്യാമ്പ് ആരംഭിക്കുകയും 60 കുടുംബങ്ങളിൽനിന്ന് 201 പേർ ക്യാമ്പിൽ എത്തിച്ചേർന്നു. ആഗസ്റ്റ് 20 ന് വൈകീട്ട് ക്യാമ്പ് അവസാനിപ്പിക്കുകയും ചെയ്തു.

**ദുരിതാശ്വാസ നിധി:** CMDRF ലേക്ക് 31.56 ലക്ഷം രൂപ സംഭാവനയായി കില ജീവനക്കാർ നൽകിയിട്ടുണ്ട്. അതോടൊപ്പം പ്രളയാനന്തര പ്രശ്നങ്ങൾ അതിരൂക്ഷമായി ബാധിച്ച പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനത്തിനായി കിലയുടെ മുളകുന്നത്തുകാവ്, കൊട്ടാരക്കര എന്നീ കേന്ദ്രങ്ങളിൽ നിന്നുള്ള ജീവനക്കാരുടെ സജീവ പങ്കാളിത്തമുണ്ടായിരുന്നു.

- **ശുചിതകാമ്പയിൻ - ഏകോപനത്തിനു കിലയും ഗ്രാമപഞ്ചായത്ത് അസോസിയേഷനും**

പ്രളയബാധിതമല്ലാത്ത പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ശുചിത്വ കാമ്പയിനുകളിൽ പങ്കാളികളാകാൻ സ്വമേധയ മുന്നോട്ടുവരുന്ന സാഹചര്യത്തിൽ അവയെ എകോപിപ്പിച്ച് ക്യാമ്പയിനുകളിൽ പങ്കാളികളാക്കാൻ കിലയും ഗ്രാമപഞ്ചായത്ത് അസോസിയേഷനും സംവിധാനമൊരുക്കി.

- **റാപ്പിഡ് ഫ്ലഡ് ഇംപാക്റ്റ് അസസ്മെന്റ് റിപ്പോർട്ട്**

കുട്ടനാട്ടിലെ പ്രളയ ബാധിത പ്രദേശങ്ങളിലെ വീട്ടുകളുടെയും സ്ഥാപനങ്ങളും നാശ നഷ്ടങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ, പ്രളയ ബാധിത പ്രദേശങ്ങളിൽ ഉണ്ടാകാൻ ഇടയുള്ള രോഗങ്ങളുടെ വ്യാപന തോത്, ദുരിതമനുഭവിക്കുന്ന പ്രദേശങ്ങളും സ്ഥാപനങ്ങളും എന്നിവയുടെ വിശദ വിവരമടങ്ങുന്ന റിപ്പോർട്ട് തയാറാക്കി. കില- ഐ.ഐ.ടി മുംബൈ സംരംഭമായ കാനൽപ്പി പദ്ധതിയുടെ ഭാഗമായി ദുരന്ത നിവാരണ മാനേജ്മെന്റ് വിദഗ്ധർ, സിവിൽ എഞ്ചിനീയർമാർ, മെഡിക്കൽ വിദഗ്ധർ, ആർക്കിടെക്റ്റുകൾ എന്നിവരുടെ സഹായത്തോടെയാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

- **പ്രളയവുമായി ബന്ധപ്പെട്ട വിവിധ പ്രസിദ്ധീകരണങ്ങൾ**

എ) പ്രളയവുമായി ബന്ധപ്പെട്ട പ്രളയാന്തര വാല്യം 1, 2 (പ്രളയാന്തര പ്രവർത്തനങ്ങൾക്കായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും നിർദ്ദേശങ്ങളും അവയുമായി ബന്ധപ്പെട്ട് ഉയർന്ന് വന്ന സംശയങ്ങളും വിശദീകരണങ്ങളും,

ബി) കേരളത്തിലെ പ്രളയബാധിത പ്രദേശങ്ങളിലെ കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപണികളും

സി) ദുരന്തങ്ങളെ നേരിടാം- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു വഴികാട്ടി.

## V. വിവിധ പ്രസിദ്ധീകരണങ്ങൾ

- KILA NEWSLETTER
- KILA Journal of Local Governance Vol.4, No.1, January - June 2017
- KILA Journal Vol 4. No.2 - July to December 2017
- കുട്ടികൾക്ക് വേണ്ടിയുള്ള ജില്ലാതല കർമ്മ പരിപാടി - English & Malayalam
- Proceedings of the National Workshop on Building Capacities for SDGs - Strategies and Actions
- പ്രകൃതി ദുരന്തം മൂലം കേരളത്തിലെ പരിസ്ഥിതി – ജൈവ – ആവാസവ്യവസ്ഥകൾക്കുണ്ടായിട്ടുള്ള ആഘാത പഠനം (പഠന സഹായി)
- അതിജീവനത്തിന്റെ അനുഭവ പാഠങ്ങൾ
- നവകേരള കർമ്മപദ്ധതി – ആർദ്രം മിഷൻ - കൈപ്പുസ്തകം
- കിലയിലെ പക്ഷികൾ
- ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകുന്ന സേവനങ്ങളും നിബന്ധനകളും (2018)
- സാമൂഹ്യ നീതിയും തദ്ദേശഭരണ സ്ഥാപനങ്ങളും
- കാലാവസ്ഥവ്യതിയാനവും കാർഷിക മേഖലയും
- കാലാവസ്ഥവ്യതിയാനവും മൃഗപരിപാലനവും ക്ഷീര വികസനവും
- ചൂടിനെ നേരിടാൻ
- പൊതുവിദ്യഭ്യാസ സംരക്ഷണ യജ്ഞവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും – വിദ്യാഭ്യാസ നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള കൈപുസ്തകം
- നവകേരള കർമ്മപദ്ധതി – വിദ്യാഭ്യാസ യജ്ഞം - കൈപുസ്തകം
- നവകേരള കർമ്മപദ്ധതി – വിദ്യാഭ്യാസ സംരക്ഷണ യജ്ഞം - റിവ്യൂ നോട്ട്
- സാമൂഹ്യ വിദ്യഭ്യാസ പരിപാടി – കൈപുസ്തകം – രണ്ടാം ഘട്ടം
- Hand Book and Training document for delegates of Mangolia
- സർക്കാർ ഉത്തരവുകളും സർക്കുലറുകളും - Vol 21-26
- Kerala Case Study of Classical Democratic Decentralisation
- തദ്ദേശ ഭരണം – ചോദ്യങ്ങളും ഉത്തരങ്ങളും - Vol 10
- Bangladesh Visit - HLP Training Materials
- Annual Report 2016-17

- Programme Calendar 2018-19-
- പതിമൂന്നാം പഞ്ചവത്സര പദ്ധതി – തദ്ദേശ സ്ഥാപനങ്ങളുടെ പ്രോജക്ട് ഫോറങ്ങൾ പൂരിപ്പിക്കൽ, പ്രോജക്ട് ഡേറ്റാ എൻട്രി പ്രോജക്ട് അംഗീകാരം എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ
- ജെൻഡർ കാഴ്ച്ചപ്പാടും പ്രാദേശിക ഭരണവും
- Sustainable Development Goals and Target – IEC Material
- SDG Training Module - English
- SDG Module to Elected Representatives and Civil Society - Malayalam
- Building Capacities for Sustainable Development Goals (SDG)- Strategies and Action - Module , Work book
- കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ - കൈപുസ്തകം, മൊഡ്യൂൾ
- Haritha Keralam - Legal Awareness Programme - Handbook
- ബ്ലൂ ആർമി – ജില്ലാ പദ്ധതി സംയോജന പ്രോജക്ട് - ജലരക്ഷ ജീവ രക്ഷ
- ഹരിത കേരള മിഷൻ - സുജലം സുഫലം – പ്രവർത്തന മാർഗ്ഗരേഖ

## VI. അടിസ്ഥാന സൗകര്യ വികസനം

കിലയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട്.

| ക്രമ നമ്പർ | പ്രവൃത്തി | അനുവദിച്ച തുക | ചെലവ് തുക | പുരോഗതി റിപ്പോർട്ട് | ഏജൻസി |
|---|---|---|---|---|---|
| 1. | സഹ്യാദ്രി ഗസ്റ്റ് ഹൗസ് നവീകരണം | 50 ലക്ഷം | 41.22 ലക്ഷം | നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഫൈനൽ ബിൽ ലഭിച്ചിട്ടില്ല | KEL-കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി, ലിമിറ്റഡ്, കേരള സർക്കാർ അംഗീകൃത സ്ഥാപനം |
| 2. | ആരവല്ലി ഗസ്റ്റ് ഹൗസ് നവീകരണം | 1 കോടി | 49.92 ലക്ഷം | നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഫൈനൽ ബിൽ ലഭിച്ചിട്ടില്ല | |
| 3. | ഗ്രാമസ്വരാജ്, ഗ്രാമസഭാ ഹാൾ നവീകരണം റീ വയറിംഗ്, പെയിന്റിംഗ്, റാംപ് നിർമ്മാണം മുതലായവ | 1 കോടി | | നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഫൈനൽ ബിൽ ലഭിച്ചിട്ടില്ല | |
| 4. | ഇലക്ട്രിക്കൽ റീവയറിംഗ് – സഹ്യാദ്രി ഗസ്റ്റ് ഹൗസ്, ക്ലാസ് റൂമുകൾ, അഡ്മിനിസ്ട്രേഷൻ ബ്ലോക്ക്, കമ്പ്യൂട്ടർ ലാബ്, നഗരോദയ ഹാളിലും ഊരുകൂട്ടം ഹാളിലും എയർ കണ്ടീഷൻ പുന:സ്ഥാപിക്കൽ, ട്രാൻസ്ഫോർമറിന്റെ മെയിന്റനൻസ് | 75 ലക്ഷം | 27 ലക്ഷം | നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഫൈനൽ ബിൽ ലഭിച്ചിട്ടില്ല | |
| 5. | ജനറേറ്റർ സ്ഥാപിക്കൽ | 30 ലക്ഷം | 30 ലക്ഷം | പുതിയ ജനറേറ്റർ പ്രവർത്തന സജ്ജമായിട്ടുണ്ട്. | KEL - കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി, ലിമിറ്റഡ്, കേരള സർക്കാർ അംഗീകൃത സ്ഥാപനം |
| 6. | ലിഫ്റ്റ് റൂം നിർമ്മാണം, ലിഫ്റ്റ് സ്ഥാപിക്കൽ, യു.പി.എസ്. റൂം നിർമ്മാണം | 1 കോടി | 20 ലക്ഷം | ലിഫ്റ്റ് റൂം നിർമ്മാണം, യു.പി.എസ് റൂം നിർമ്മാണം എന്നിവ പൂർത്തീകരിച്ചു. ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് 05.08.2019 ന് ലഭിച്ചിട്ടുണ്ട്. | |
| 7. | ക്വാർട്ടേഴ്സ് അറ്റകുറ്റ പണികൾ | 1.30 കോടി | 92.15 ലക്ഷം | TDLCS നെ ഏല്പിച്ച 24 ക്വാർട്ടേഴ്സിന്റെ അറ്റകുറ്റ പണികൾ പൂർത്തീകരിച്ചു. | TDLCCS |
| 8. | കമ്പ്യൂട്ടർ ലാബിന്റെ നവീകരണം | 7 ലക്ഷം | 7 ലക്ഷം | പൂർത്തീകരിച്ചു. | TDLCCS |
| 9. | കിച്ചൻ വിപുലീകരണവും ഉപകരണങ്ങൾ വാങ്ങലും, ഡൈനിംഗ് ഹാൾ വയറിംഗ് | 1 കോടി | 38.06ലക്ഷം | കിച്ചൻ പണി - ഒന്നാം നിലയിൽ കോൺക്രീറ്റ് വർക്ക് കഴിഞ്ഞു. പണി 80% പ്രോഗ്രസ്സ് ആയി. | TDLCCS |
| 10. | പുതിയ വാട്ടർ ടാങ്ക് നിർമ്മാണം | 90 ലക്ഷം | 18 ലക്ഷം | പുതിയ വാട്ടർ ടാങ്ക് – പണിയുടെ പണി 30% പ്രോഗ്രസ്സ് ആയി. | TDLCCS |

| ക്രമ നമ്പർ | പ്രവൃത്തി | അനുവദിച്ച തുക | ചെലവ് തുക | പുരോഗതി റിപ്പോർട്ട് | ഏജൻസി |
|---|---|---|---|---|---|
| 11. | ഓഡിറ്റോറിയം നവീകരണം | 3 കോടി | 20 ലക്ഷം | ഓഡിറ്റോറിയം നവീകരണം- നടന്നുവരുന്നു | TDLCCS |
| 12. | അഗളി സെന്റർ കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ | 85 ലക്ഷം | 7.4 ലക്ഷം | നടന്നുവരുന്നു | TDLCCS |
| 13. | എസ്.എ.എസ്. കെട്ടിടം, അഡ്മിനിസ്ട്രേഷൻ ട്രെയിനിംഗ് ബ്ലോക്ക് എന്നിവയുടെ ട്രസ്സ് വർക്ക് | 83 ലക്ഷം | - | എസ്.എ.എസ്. കെട്ടിടം ട്രെസ്സ് വർക്ക് പൂർത്തീകരിച്ചു. | TDLCCS |
| 14. | വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് | 130 ലക്ഷം | - | ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ വീണ്ടും ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ സ്വീകരിക്കുന്നതിന്റെ അവസാന തീയ്യതി ആഗസ്റ്റ് 30 ആണ്. | |
| 15. | പുതിയ കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നത്<br>കില ഹെഡ് ക്വാർട്ടേഴ്സ്- 40<br>അഗളി സെന്റർ-30<br>കൊട്ടാരക്കര -20 | 52.25 ലക്ഷം | 32.49 ലക്ഷം | PWD ടെക്നിക്കൽ സാക്ഷൻ നൽകിയിട്ടുണ്ട്. കേരള ഇ-ഗവേണൻസ് IT Procurement portal വഴി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചെങ്കിലും സാങ്കേതിക കാരണങ്ങളാൽ പൂർത്തീകരിക്കുവാൻ സാധിച്ചില്ല. നടപടികൾ തുടർന്നു വരുന്നു. | |
| 16. | നിലവിലുള്ള കമ്പ്യൂട്ടർ ലാബിലെ (2011 ൽ വാങ്ങിയത്) 50 കമ്പ്യൂട്ടറുകൾ മാറ്റി പുതിയത് വാങ്ങുന്നതിലേക്ക് | 18 ലക്ഷം | - | 2011 ലെ കമ്പ്യൂട്ടറുകളുടെ പ്രവർത്തനക്ഷമത പരിശോധിച്ച് റിപ്പോർട്ട് ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇ ടെണ്ടർ നടപടി സ്വീകരിക്കുകയും ചെയ്തു. തുടർന്ന് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ നടപടി റദ്ദാക്കിക്കൊണ്ട് Centralised Procurement and Rate Contract System (CPRCS) മുഖാന്തിരം കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുകയുണ്ടായി. എന്നാൽ സാങ്കേതിക കാരണങ്ങളാൽ സിസ്റ്റത്തിൽ നിന്ന് ഇൻവോയ്സ് ലഭ്യമാകാത്തതിനാൽ തുക അടയ്ക്കുവാൻ സാധിച്ചില്ല. അധികാരികളുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർ നടപടികൾ ചെയ്തുവരുന്നു. | |
| 17. | കിലയോട് ചേർന്ന് കിടക്കുന്ന 9.50 ഏക്കർ ഭൂമി ലാന്റ് അക്വസിഷൻ നടപടിക്രമത്തിലൂടെ ഏറ്റെടുക്കുന്നതിലേക്ക് | - | - | ജില്ലാ കളക്ടർ പരിസ്ഥിതി ആഘാത പഠനത്തിനായി രാജഗിരി കോളേജിനെ ഏൽപ്പിച്ചിരിക്കുന്നു. | |

**തീരുമാനം**

1. 2018-19 പ്രവർത്തന റിപ്പോർട്ട് വിശദമായി ചർച്ച ചെയ്ത് ഗവേണിംഗ് കൗൺസിൽ സംതൃപ്തി രേഖപ്പെടുത്തി.

   എം.എൽ.എ മാർക്കുള്ള പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു .

2. 2018-19 പ്രവർത്തന റിപ്പോർട്ട് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു.
3. 2019-20 ലെ പരിശീലന കലണ്ടർ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചു.

അഡീഷനൽ അജണ്ട

ഐറ്റം നമ്പർ 1

കിലയിൽ ദേശീയ പെൻഷൻ പദ്ധതി (NPS) നടപ്പാക്കുന്നത് സംബന്ധിച്ച് -

1.4. പങ്കാളിത്ത പ്രവേശിക്കുന്ന സ്ഥിരം ജീവനക്കാർക്ക് ജോലിയിൽ കിലയിൽ മുതൽ 2013 .പദ്ധതി ബാധകമാണ് ൻപെൻഷ1.4.2013 ന ശേഷം താഴെ പറയുന്ന ജീവനക്കാർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് തസ്തിക , | ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|
| 1. | ശ്രീമതി നിനി.പി.പി ., ഖലാസി | 27.04.2015 |
| 2. | ശ്രീശിവപ്രസാദ് . ടിഖലാസി , | 21.05.2018 |
| 3. | ശ്രീമതി മഞ്ജു.ഒ ., അസിസ്റ്റന്റ് ലൈബ്രേറിയൻ | 19.09.2018 |

ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾക്കായി 02.07.രിന്റെ ക്കുകയും ആയത് സർക്കാഎക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പി ൽ 2015 .ച്ചഎക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനി ക്കുവാൻശങ്ങൾക്കായി സമർപ്പിനിർദ്ദേമാർഗ്ഗ പ്രസ്തുത തീരുമാനം 10.8.ക്കുകയും ആയതിന് ശങ്ങൾക്കായി സമർപ്പിനിർദ്ദേരിന്റെ മാർഗ്ഗസർക്കാ ൽ 2015 17 മറുപടി ലഭിക്കാത്തതിനാൽ.5.സർക്കാരിലേക്ക് വീണ്ടും ഒരു ഓർമ്മക്കുറിപ്പ് ൽ 2017 .അയക്കുകയുണ്ടായി

30.12.(ബി.ഐ)തസ്വഭവ.തീയതിയിലെ ലെ നം 20172 /415/2015 തസ്വഭവ നമ്പർ സർക്കാർ കത്തിൽ ആവശ്യപ്പെട്ട പ്രകാരം 1.4.പ്രവേശിച്ച ജീവനക്കാരുടെ ന് ശേഷം ജോലിയിൽ 2013 ടി ജീവനക്കാർ പദ്ധതി നടപ്പിലാക്കുമ്പോൾ ൻദേശീയ പെൻഷ ,പേയ് സ്കെയിൽ ,എണ്ണം ,തംനിന്നും അടക്കേണ്ട വിഹി അടയ്ക്കേണ്ടുന്ന വിഹിതവും ആനുപാതികമായി കിലയിൽ സർക്കാർ ധനസഹായം ഇല്ലാതെ ജീവനക്കാർ അടയ്ക്കേണ്ടുന്ന വിഹിതത്തിന് ആനുപാതികമായി കിലയിൽ നിന്നും അടക്കേണ്ടുന്ന വിഹിതം അടക്കുവാനുള്ള സാമ്പത്തികഭദ്രത കിലയ്ക്കുണ്ട് എന്നിങ്ങനെയുള്ള വിശദമായ വിവരങ്ങൾ അടങ്ങിയ മറുപടി കത്ത് 10.01.കയുണസർക്കാരിലേക്ക് സമർപ്പിക്കു ൽ 2018ാടായിനാളിത് വരെ ഇത് . .സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളൊന്നും ലഭ്യമായിട്ടില്ല

ദേശീയ പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ഇല്ലെങ്കിൽഎന്നിങ്ങനെ ,എന്തുകൊണ്ട് , പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ൻനിയമസഭ ചോദ്യങ്ങളും ലഭിച്ചതിന് ദേശീയ പെൻഷ നിന് സർക്കാരിൽന് മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കാത്ത സാഹചര്യമായതിനാൽ പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടില്ലായെന്ന മറുപടിയാണ് നൽകിയിട്ടുള്ളത് കൂടാതെ ജീവനക്കാരും . .ഉന്നയിക്കുന്നുണ്ട് നിരന്തരം ഇത് സംബന്ധിച്ച് ചോദ്യങ്ങൾ

ഈ സാഹചര്യത്തിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് South Indian Bank ന്റെ തൃശ്ശൂരുള്ള തിരൂർ ബ്രാഞ്ചിന്റെ പ്രൊപ്പോസൽ കിലയ്ക്ക് ലഭിച്ചിട്ടുണ്ട്പ്രസ്തുത . പകർപ്പ് ഉള്ളടക്കം പ്രകാരം പ്രൊപ്പോസൽദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി താഴെ പറയുന്ന പ്രാരംഭ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(1) ബാങ്കുമായി MoU ഒപ്പുവെക്കണം

(2) MoU ന്റെ അടിസ്ഥാനത്തിൽ South Indian Bank കിലയ്ക്ക് കോർപ്പറേറ്റ് രജിസ്ട്രേഷൻ NPS ഐ നമ്പർ ലഭ്യമാക്കുകയും തുടർന്ന് ജീവനക്കാർക്കുള്ള.ഡി. Subscription Registration Number ലഭ്യമാക്കി കൊണ്ട് ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

സർക്കാരിൽ നിന്നും നാളിതുവരെ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ South Indian Bank മുഖാന്തിരം നടപ്പാക്കുന്നത് സംബന്ധിച്ച് തീരുമാനത്തിനായി ഐറ്റം നമ്പർ : 04 പ്രകാരം 2019 ജനുവരി 04 തീയതി 02.30 ന് കില ബൽവന്തറായ് മേത്ത ഹാളിൽ വച്ച് നടന്ന അഞ്ചാമത് കില എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലേക്ക് സമർപ്പിച്ചതിന്റെ തീരുമാനം പ്രകാരം പ്രസതുത പ്രൊപ്പോസൽ അംഗീകരിക്കുകയും ആയത് ഗവേർണിംഗ് കൗൺസിലിന്റെ മുമ്പാകെ അംഗീകാരത്തിനായി ആയി സമർപ്പിക്കുന്നു.

**തീരുമാനം**

എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കില ജീവനക്കാർക്ക് നാഷണൽ പെൻഷൻ സ്കീം സൗത്തിന്ത്യൻ ബാങ്ക് (എസ്.ഐ.ബി) മുഖാന്തിരം നടപ്പിലാക്കുവാൻ ഗവേണിംഗ് കൗൺസിൽ തീരുമാനിക്കുകയും തുടർ നടപടികൾ കൈകൊള്ളുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്യു.

ഐറ്റം നമ്പർ 2

## അസിസ്റ്റന്റ് പ്രൊഫസർ (പബ്ലിക് അഡ്മിനിസ്ട്രേഷൻ ) സ്ഥിരനിയമനം സംബന്ധിച്ച്

കിലയിലെ കോർഫാക്കൽറ്റി തസ്തികയായ പ്രൊഫസർ (പബ്ലിക് അഡ്മിനിസ്ട്രേഷൻ) ആയി സേവനം അനുഷ്ഠിച്ചിരുന്ന ഡോ. ഉമ്മൻജോൺ 28.02.2019-ൽ സർവ്വീസിൽ നിന്ന് വിരമിക്കുകയുണ്ടായി. പ്രസ്തുത ഒഴിവിലേക്ക് ടി തസ്തികയിലെ എൻട്രി കേഡറായ അസിസ്റ്റന്റ് പ്രൊഫസർ ആയി യു ജി സി സ്കെയിൽ പ്രകാരം നിയമനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 04.01.2019 - ലെ കില-എക്സിക്യൂട്ടീവ് കമ്മിറ്റി അനുമതി നല്കുകയുണ്ടായി. പ്രസ്തുത തസ്തികയുടെ യോഗ്യത, പ്രായം, ജോലി പരിചയം എന്നിവയും നിശ്ചയിച്ചു നൽകുകയുണ്ടായി. ആയതിൻപ്രകാരം ടി നിയമനവുമായി ബന്ധപ്പെട്ട് നോട്ടിഫിക്കേഷൻ തയ്യാറാക്കി കില വെബ് സൈറ്റിലും ദിനപത്രങ്ങളിലും ഇക്കണോമിക് ആന്റ് പൊളിറ്റിക്കൽ വീക്കിലിയിലും പരസ്യം നൽകുകയും ചെയ്തിരുന്നു.

അസിസ്റ്റന്റ് പ്രൊഫസർ (പബ്ളിക് അഡ്മിനിസ്ട്രേഷൻ) തസ്തികയിലേക്ക് പരസ്യം നൽകിയതിൻപ്രകാരം നിശ്ചിത തീയതിക്കകം (25/06/2019) 21 **അപേക്ഷകൾ** ലഭിക്കുകയുണ്ടായി.ലഭിച്ച അപേക്ഷകൾ നിയോഗിക്കപ്പെട്ട സ്ക്രീനിംഗ് കമ്മിറ്റി 28/06/2019-ൽ പരിശോധിക്കുകയും നിശ്ചിത യോഗ്യതകൾ ഉണ്ടെന്ന് കണ്ടെത്തിയ **11 പേരുടെ ലിസ്റ്റ്** സ്ക്രീനിംഗ് കമ്മിറ്റി തയ്യാറാക്കി നല്കുകയും ടിയാളുകളുടെ ജേർണലുകളിലെ രചനകളുടെ ആധികാരികത സംബന്ധിച്ച് പ്രത്യേക വിലയിരുത്തലുകൾ നടത്താൻ സാധിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി വിഷയം പരിശോധിക്കുന്നതിനായി കിലയിലെ ഫാക്കൽറ്റി അംഗങ്ങളായ ഡോ.പീറ്റർ. എം. രാജ്, ഡോ. അമൃത. കെ. പി. എൻ എന്നിവരെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകരുടെ രചനകളുടെ ആധികാരിത സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന രണ്ടു അപേക്ഷകരുടെ രചനകൾ മാത്രമാണ് അംഗീകരിക്കാവുന്നതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1) ഡോ. ശ്രീകുമാർ. വി.എൻ
2) ഡോ. അശോക് ജേക്കബ് മാത്യൂസ്

യു ജി സി സ്കീം പ്രകാരം പൂർണ്ണമായും കേന്ദ്രസർക്കാർ വിഹിതം വിനിയോഗിക്കുന്ന കിലയിലെ കോർഫാക്കൽറ്റി തസ്തികയായ അസിസ്റ്റന്റ് പ്രൊഫസർ (പബ്ളിക് അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ നിയമനം നടത്തുന്നതിന് സ്ക്രീനിംഗ് കമ്മിറ്റി തെരഞ്ഞെടുത്ത ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടവർ 11 പേരാണെങ്കിലും തുടർ പരിശോധനയിൽ 2 പേർക്കു മാത്രമാണ് അവശ്യയോഗ്യതയുള്ളതായി കണ്ടെത്തിയിട്ടുള്ളത്.പ്രസ്തുത സാഹചര്യത്തിൽ കിലയിലെ കോർഫാക്കൽറ്റി തസ്തികയായ അസിസ്റ്റന്റ് പ്രൊഫസർ (പബ്ളിക് അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ സ്ഥിരനിയമനം നടത്തുന്നതിന് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്.ആയതിനാൽ പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് മേൽനിർദ്ദേശത്തിനായി വിഷയം ഗവേണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം**

**കിലയിലെ കോർഫാക്കൽറ്റി തസ്തികയായ അസിസ്റ്റന്റ് പ്രൊഫസർ (പബ്ളിക് അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ യോഗ്യതയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വീണ്ടും പരസ്യം ചെയ്തു സ്ഥിരനിയമനം നടത്തുവാൻ ഗവേണിംഗ് കൗൺസിൽ കില ഡയറക്ടറെ ചുമതലപ്പെടുത്തി.**

മീറ്റിംഗ് ഉച്ചക്ക് 12.00 മണിക്ക് അവസാനിച്ചു.

ചെയർപേഴ്സൺ
ശ്രീ. എ. സി.മൊയ്തീൻ
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി